2023
MARCH
22
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

GODUGO

## കേന്ദ്ര സർക്കാർ ജീവനക്കാരുടെ സമരങ്ങൾക്ക് വിലക്ക്

**ന്യൂഡൽഹി:** കേന്ദ്രസർക്കാർ ജീവനക്കാർ ഒരു തരത്തിലുമുള്ള സമരങ്ങളിലോ പ്രതിഷേധത്തിലോ പങ്കെടുക്കരുതെന്ന് ഔദ്യോഗിക ഉത്തരവ്. പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കാൻ ദേശീയ സംയുക്ത ആക്ഷൻ കൗൺസിൽ നടത്തുന്ന പ്രതിഷേധ പരിപാടികളുടെ പശ്ചാത്തലത്തിലാണ് പഴ്സനേൽ ആൻഡ് ട്രെയ്നിങ് വകുപ്പ് എല്ലാ കേന്ദ്രസർക്കാർ വകുപ്പുകൾക്കും നിർദേശം നൽകിയത്.

കൂട്ട കാഷ്വൽ അവധി എടുക്കൽ, മെല്ലെപ്പോക്ക്, കുത്തിയിരിപ്പ് തുടങ്ങിയ സമരരീതികളൊന്നും പാടില്ലെന്നു നിർദേശമുണ്ട്. ചട്ടപ്രകാരം സമരത്തിന്റെ പരിധിയിൽ വരുന്ന ഒരു പ്രതിഷേധവും അരുത്. സമരം ചെയ്യാൻ ജീവനക്കാർക്ക് അധികാരം നൽകുന്ന വകുപ്പുകളൊന്നും നിലവിലില്ലെന്ന് ഉത്തരവിൽ പറയുന്നു. സമരം ചെയ്യുന്നത് ഗുരുതരമായ പെരുമാറ്റദൂഷ്യമാണെന്നും അതിനെ നിയമപരമായി



നേരിടണമെന്നും നിരവധി സുപ്രീം കോടതി ഉത്തരവുകളുണ്ടെന്നും ചൂണ്ടിക്കാട്ടുന്നു.

സമരക്കാർ ഡയസ്നോൺ ഉൾപ്പെടെ അച്ചടക്ക നടപടികൾ നേരിടേണ്ടി വരും. എല്ലാ വകുപ്പുകളും ഇതു പാലിക്കുന്നുവെന്ന് ഉറപ്പാക്കണം.

പഴയ പെൻഷൻ ആവശ്യപ്പെട്ടുള്ള സമരത്തിന്റെ സമയത്ത് കാഷ്വൽ ലീവോ മറ്റ് അവധികളോ അനുവദിക്കരുത്. ജോലി ചെയ്യാൻ താൽപര്യമുള്ളവർക്ക് തടസ്സമുണ്ടാക്കുകയും അരുത്.

സമരം ചെയ്യുന്നവരുടെ വിശദവിവരങ്ങൾ പഴ്സനേൽ വകുപ്പിനെ അറിയിക്കണമെന്നും നിർദേശമുണ്ട്.

## ഇന്ത്യയിൽ നിക്ഷേപ സുരക്ഷിതത്വം കൂടുതൽ: എസ്ബിഐ പഠനം

**മുംബൈ:** ബാങ്കിലുള്ള നിക്ഷേപകരുടെ പണത്തിന്റെ സുരക്ഷിതത്വം യുഎസിനേക്കാൾ ഇന്ത്യയിൽ കൂടുതലാണെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പഠനം. യുഎസിൽ ചെറിയ ബാങ്കിലെ നിക്ഷേപങ്ങൾക്ക് 40 ശതമാനം വരെ മാത്രമേ ഇൻഷുറൻസ് പരിരക്ഷയുള്ളു.

എന്നാൽ ഇന്ത്യയിൽ ഇത് പരമാവധി 82.9% ആണെന്നും എസ്ബിഐ ഇക്കണോമിക് റിസർച് വിഭാഗത്തിന്റെ 'എക്കോറാപ്' എന്ന പഠനത്തിൽ പറയുന്നു. യുഎസിൽ മുൻനിര ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് പോലും 50, 55 % മാത്രമാണ് ഇൻഷുറൻസ് പരിരക്ഷ.

എന്നാൽ ഇന്ത്യയിൽ റൂറൽ ബാങ്കുകളിൽ 82.9%, സഹകരണ ബാങ്കുകളിൽ 66.5 %, ലോക്കൽ ബാങ്കുകളിൽ 76.4% എന്നിങ്ങനെ പരിരക്ഷയുണ്ട്.

## ആമസോണിൽ 9000 പേർക്ക് തൊഴിൽ നഷ്ടമാകും

ആമസോണിൽ വീണ്ടും കൂട്ടപ്പിരിച്ചുവിടൽ. 9000 പേരെ പിരിച്ചുവിടുമെന്ന് ആമസോൺ വ്യക്തമാക്കി. വരുന്ന ആഴ്ചകളിൽ ഇതു സംബന്ധിച്ച അറിയിച്ച് ജീവനക്കാർക്കു ലഭ്യമാകും. പരസ്യം, വെബ് തുടങ്ങിയ വിഭാഗങ്ങളിൽ നിന്നാകും ജീവനക്കാരെ പിരിച്ചുവിടുക. നേരത്തെ 18,000 ജീവനക്കാരെ പിരിച്ചുവിടുമെന്നു ആമസോൺ പ്രഖ്യാപിച്ചിരുന്നു. ഇപ്പോഴത്തെ സാമ്പത്തിക സാഹചര്യമനുസരിച്ച് തസ്തിക വെട്ടിക്കുറയ്ക്കാൻ നിർബന്ധിതരായിരിക്കുകയാണെന്നു സിഇഒ ആൻഡി ജാസി വ്യക്തമാക്കി. ഏപ്രിൽ പകുതിയോടെ ജീവനക്കാരെ പിരിച്ചുവിടുമെന്നാണു റിപ്പോർട്ടുകൾ.

## ക്രെഡിറ്റ് സ്വീസ് ബാങ്കിനെ യുബിഎസ് ഏറ്റെടുക്കുന്നു




**ജനീവ :** സാമ്പത്തിക പ്രതിസന്ധിയിലായ ക്രെഡിറ്റ് സ്വീസ് ബാങ്കിനെ 300 കോടി സ്വിസ് ഫ്രാങ്കിന് (323 കോടി ഡോളർ) സ്വിറ്റ്സർലൻഡിലെ ഏറ്റവും വലിയ ബാങ്കായ യുബിഎസ് ഏറ്റെടുക്കുന്നുവെന്ന വാർത്ത ആഗോള ബാങ്കിങ് മേഖലയ്ക്ക് ആശ്വാസമായി. ആഗോളതലത്തിൽ സുപ്രധാനമായ 30 ധനകാര്യ സ്ഥാപനങ്ങളിൽ ഒന്നായ ക്രെഡിറ്റ് സ്വീസ് തകർന്നിരുന്നെങ്കിൽ മാന്ദ്യത്തിന്റെ പിടിയിലുള്ള ആഗോള സമ്പദ് വ്യവസ്ഥയ്ക്ക് കനത്ത ആഘാതമായേനേ. അതുകൊണ്ടു തന്നെയാണ് സ്വിസ് സെൻട്രൽ ബാങ്കും സർക്കാരും മുൻകൈയെടുത്ത് തിരക്കിട്ട് യുബിഎസിനെക്കൊണ്ട് ക്രെഡിറ്റ് സ്വീസിനെ ഏറ്റെടുപ്പിക്കുന്നത്.

ലയന കരാർ അനുസരിച്ച് ക്രെഡിറ്റ് സ്വീസ് ബാങ്കിന്റെ 540 കോടി ഡോളറിന്റെ നഷ്ടം യുബിഎസ് ഏറ്റെടുക്കും. ഇരുബാങ്കുകൾക്കുമായി സ്വിസ് സെൻട്രൽ ബാങ്ക് 10,000 കോടി സ്വിസ് ഫ്രാങ്കിന്റെ (10,800 കോടി ഡോളർ) പണലഭ്യത ഉറപ്പാക്കും. ഓഹരിയുടമകൾക്ക് ക്രെഡിറ്റ് സ്വീസിന്റെ 22.48 ഓഹരികൾക്ക് ഒരു യുബിഎസ് ഓഹരി എന്ന അനുപാതത്തിൽ ലഭിക്കും. ലയന നടപടികൾ ഈ വർഷാവസാനത്തോടെ പൂർത്തിയാകും.

കരാറിനെ യുഎസ് ഫെഡറൽ റിസർവ് അധ്യക്ഷൻ ജെറോം പവലും ട്രഷറി സെക്രട്ടറി ജാനറ്റ് യെലനും യൂറോപ്യൻ സെൻട്രൽ ബാങ്ക് പ്രസിഡന്റ് ക്രിസ്റ്റീൻ ലഗാർദും സ്വാഗതം ചെയ്തു. യുഎസിൽ സിലിക്കൺ വാലി ബാങ്ക് തകർന്നതിന്റെ ആഘാതത്തിലായിരുന്ന ബാങ്കിങ് മേഖലയാകെ ആശങ്കയുണർത്തി ക്രെഡിറ്റ് സ്വീസ് ബാങ്കിലെ പ്രതിസന്ധി പുറത്തുവന്നത് കഴിഞ്ഞയാഴ്ചയാണ്. ബാങ്കിനെ രക്ഷിക്കാൻ സ്വിസ് നാഷനൽ ബാങ്ക് (എസ്എൻബി) 5000 കോടി സ്വിസ് ഫ്രാങ്കിന്റെ (5400 കോടി ഡോളർ) അടിയന്തര പണലഭ്യത പ്രഖ്യാപിച്ച് തകർച്ചയ്ക്കു തടയിട്ടിരുന്നു. ഇന്ത്യയിൽ ക്രെഡിറ്റ് സ്വീസിന് മുംബൈയിൽ ഓഫിസുണ്ട്.

## നികുതി കൂടും മുൻപേ വാഹനം സ്വന്തമാക്കാൻ തിരക്ക്



**കൊച്ചി:** സംസ്ഥാന ബജറ്റ് നിർദേശം അനുസരിച്ച് ഏപ്രിൽ ഒന്നു മുതൽ പുതിയ വാഹനങ്ങളുടെ റോഡ് നികുതി കൂടുന്നതിനാൽ വാഹന വിൽപനയിൽ വൻ കുതിപ്പ്. 31ന് മുൻപ് റജിസ്റ്റർ ചെയ്താൽ മാത്രമേ നിലവിലുള്ള നിരക്കിൽ റോഡ് നികുതി അടയ്ക്കാൻ കഴിയൂ. അവസാന ദിവസങ്ങളിലെ തിരക്ക് മുൻകൂട്ടി കണ്ട് പരമാവധി വാഹനങ്ങൾ 25നകം റജിസ്റ്റർ ചെയ്യുകയാണ് വാഹന ഡീലർമാരുടെ ലക്ഷ്യം.

ബജറ്റ് അനുസരിച്ച് 5 ലക്ഷം രൂപ വരെ വിലയുള്ള വാഹനങ്ങൾക്ക് 1%, 5 ലക്ഷം മുതൽ 15 ലക്ഷം വരെയുള്ള വാഹനങ്ങൾക്ക് 2%, 15 ലക്ഷം മുതൽ 20 ലക്ഷം വരെയും, 20 ലക്ഷം മുതൽ 30 ലക്ഷം വരെയും അതിനു മുകളിലും 1% വീതമാണ് നികുതി വർധന. വിൽക്കുന്ന ഭൂരിപക്ഷം കാറുകളും 5, 15 ലക്ഷം രൂപ നിലവാരത്തിലുള്ളതാണ്. 2% നിരക്ക് കൂടുമ്പോൾ നികുതിയിലെ വർധന 10,000 മുതൽ 30,000 രൂപ വരെ. 15, 20 ലക്ഷമാണു വിലയെങ്കിൽ 1% വർധന അനുസരിച്ച് 15,000 രൂപ മുതൽ 20000 രൂപ വരെ അധികം നൽകണം. ഇതൊഴിവാക്കാനാണ് ഈ മാസം തന്നെ റജിസ്റ്റർ ചെയ്യാനുള്ള കൂട്ടപ്പൊരിച്ചിൽ.





## വിഴിഞ്ഞം: മാലിയിലേക്കു ചരക്കുകപ്പൽ സേവനം വൈകാതെ

**വിഴിഞ്ഞം:** വിഴിഞ്ഞം തുറമുഖത്തു നിന്നു മാലിയിലേക്കു ചരക്കു കപ്പൽ സേവനം വൈകാതെ പുനരാരംഭിക്കും. താൽപര്യമറിയിച്ച് ഏതാനും ഏജൻസികൾ സമീപിച്ചതായി മാരിടൈം ബോർഡ് ചെയർമാൻ എൻ.എസ്.പിള്ള മനോരമയോട് പറഞ്ഞു. രാജ്യാന്തര ഷിപ് ആൻഡ് പോർട്ട് സുരക്ഷ കോഡ്(ഐഎസ്പിഎസ് കോഡ്) ലഭിക്കുന്നതു കാക്കുകയാണ്. ഇതു ലഭ്യമാക്കാനുള്ള നടപടികൾ രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാക്കും എന്ന് അദ്ദേഹം പറഞ്ഞു.

മാലിയിൽ നിന്നു നേരത്തെ ചരക്കു കപ്പലുകൾ ഇവിടെ വന്നു പോയിരുന്നതാണ്. മാലി കപ്പൽ സേവനം കൂടുതൽ സുഗമവും സജീവവുമാക്കുന്നതിനു വിഴിഞ്ഞം തുറമുഖ ബേസിനിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കും. കപ്പലുകളുടെ എണ്ണം കൂടുന്നതിനുസരിച്ച് സീവേർഡ് വാർഫ് നീളം കൂട്ടും. ബേസിനിലെ ആഴം നിലവിലുള്ള രണ്ടര മീറ്ററിൽ നിന്നു ഒരു മീറ്റർ കൂടി കൂട്ടും. കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച് തുറമുഖ വകുപ്പിന്റെ വസ്തുക്കളും ഭൂമിയും സുരക്ഷിതമാക്കും.

പഴയ സിഗ്നൽ സ്റ്റേഷൻ മന്ദിരമുൾപ്പെടെ ഉപയോഗശൂന്യമായ ഇടങ്ങളെ വിനോദസഞ്ചാര സാധ്യതയുള്ളതാക്കി മാറ്റും. വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി ആദ്യ ഘട്ടം പ്രവർത്തന ക്ഷമമാകുന്നതിനു പിന്നാലെ ഇതിന്റെ ചുവടുപിടിച്ചു തുറമുഖ വകുപ്പു ഇവിടെ വിവിധ അനുബന്ധ സംരംഭങ്ങൾക്കു തുടക്കമിടുമെന്നും അദ്ദേഹം പറഞ്ഞു. ബേപ്പൂർ,പൊന്നാനി അഴീക്കൽ,കൊല്ലം തുറമുഖങ്ങളെ ബന്ധപ്പെടുത്തി നടത്താനുദ്ദേശിക്കുന്ന ക്രൂയിസ് വെസൽ സർവീസ് വിജയിക്കുന്ന മുറയ്ക്ക് വരും വർഷം വിഴിഞ്ഞത്തേക്കു നീട്ടുന്ന കാര്യവും പരിഗണനയിലാണെന്ന് ചെയർമാൻ പറഞ്ഞു.

കോവിഡ് കാലത്ത് തുടങ്ങി തുറമുഖ വകുപ്പിന് രണ്ടു വർഷത്തിനുള്ളിൽ കോടികളുടെ വരുമാനം ലഭ്യമാക്കിയ ക്രൂ ചേഞ്ച് വിഴിഞ്ഞത്തു പുനരാരംഭിക്കുന്നതിൽ ഇനിയും വ്യക്തത വന്നിട്ടില്ല. കോവിഡ് കാലത്തെ പ്രത്യേക സാഹചര്യം മുൻനിർത്തി അനുമതി നൽകിയ ക്രൂ ചേഞ്ച് സ്ഥിതി മാറിയപ്പോൾ പുനരാരംഭിക്കുന്നു സംബന്ധിച്ച് സംസ്ഥാനം കേന്ദ്രത്തിലേക്ക് പലവട്ടം സമ്മർദം ചെലുത്തിയെങ്കിലും ഫലമുണ്ടായിട്ടില്ല. ക്രൂ ചേഞ്ച് വിജയകരമായി നടന്നുവന്ന സ്ഥിതിക്ക് വിഴിഞ്ഞത്തെ രാജ്യാന്തര ക്രൂ ചേഞ്ച് ആൻഡ് ബങ്കറിങ് ടെർമിനൽ പ്രഖ്യാപനവും വകുപ്പു നടത്തിയിരുന്നു. ക്രൂ ചേഞ്ച് പുനരാരംഭിക്കാനായാൽ കപ്പൽ സേവന രംഗത്തെ അനുബന്ധ വ്യവസായങ്ങളും വിഴിഞ്ഞം കേന്ദ്രീകരിച്ച് അനായാസം നടപ്പാക്കാനാകും എന്നു ബന്ധപ്പെട്ടവർ പറയുന്നു.

# ഓൺലൈൻ തട്ടിപ്പിലൂടെ കേരളത്തിൽ നഷ്ടം പ്രതിമാസം പത്തു കോടി



**തിരുവനന്തപുരം:** കഴിഞ്ഞ ആറുമാസത്തെ കണക്കിൽ ഓരോ മാസവും ഓൺലൈൻ തട്ടിപ്പിലൂടെ മലയാളികൾക്കു നഷ്ടമായതു ശരാശരി 10 കോടി രൂപ വീതം. നാഷനൽ ക്രൈം സൈബർ ക്രൈം പോർട്ടൽ, സംസ്ഥാനത്തെ സൈബർ സെൽ സ്റ്റേഷനുകൾ എന്നിവയിൽ ലഭിച്ച പരാതികളിൽ നിന്നുള്ള കണക്കാണിത്. തട്ടിപ്പിനിരയായ വിവരം അറിയിക്കാത്തവരും ധാരാളമുണ്ടെന്നു പൊലീസ് പറയുന്നു. ഓൺലൈൻ തട്ടിപ്പിനിരയാകുന്നവരുടെ പണം നഷ്ടപ്പെടാതിരിക്കാൻ കേന്ദ്രസർക്കാർ തുടങ്ങിയ ഹെൽപ് ലൈൻ നമ്പറായ 1930 ലേക്കു വന്ന പരാതികളുടെ കണക്കെടുത്താൽ ദിവസവും ശരാശരി 20 ലക്ഷം രൂപയുടെ തട്ടിപ്പാണു കേരളത്തിൽ നടക്കുന്നത്. സൈബർ സ്റ്റേഷനുകളിലെ നേരിട്ടു കിട്ടുന്ന പരാതികളിൽ ദിവസവും ശരാശരി 10 ലക്ഷത്തോളം രൂപയുടെ തട്ടിപ്പു വേറെ.1930 നമ്പറിൽ പരാതിപ്പെട്ടാലേ ബാങ്കുകൾ ഇടപെട്ടു പണം നഷ്ടപ്പെടാതെ ഇടപാടു മരവിപ്പിക്കാൻ കഴിയൂ.

1930ൽ പരാതി നൽകിയാൽ നഷ്ടപ്പെട്ട പണം ഉപഭോക്താവിനു തിരികെ നൽകാൻ ബാങ്കുകൾക്ക് ഉത്തരവാദിത്തവുമുണ്ട്. കേരളത്തിൽ ഓൺലൈൻ തട്ടിപ്പിന് ഇരകളേറെയും കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലുള്ളവരാണ്. 1930 നമ്പറിൽ ദിവസം ശരാശരി 40 പരാതികൾ കിട്ടാറുണ്ട്. ലോൺ ആപ്പുകൾ, യുപിഐ ഐഡി, ഗൂഗിൾ പേ എന്നിവ വഴിയൊക്കെ തട്ടിപ്പു നടക്കുന്നുണ്ട്. വാഹനം വിൽക്കാനോ വീടു വാടകയ്ക്കു കൊടുക്കാനോ ഓൺലൈൻ സൈറ്റുകളിൽ പരസ്യം കൊടുക്കുന്നവരെ സൈനിക യൂണിഫോം ധരിച്ചു വിഡിയോ കോൾ വിളിച്ചു സംസാരിച്ചു ഗൂഗിൾ പേ വഴി പണം തട്ടുന്ന രീതിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പെൻഷൻ പണം വരുന്ന ബാങ്ക് അക്കൗണ്ട് പുതുക്കണമെന്നാവശ്യപ്പെട്ടു മെസേജ് നൽകിയും തട്ടിപ്പുണ്ട്.

## ഹോട്ടൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡ്; ഇനി 10 ദിവസം

**കൊല്ലം:** ഹോട്ടലുകളിൽ ഭക്ഷണം കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കെല്ലാം ഹെൽത്ത് കാർഡ് നിർബന്ധമാക്കാൻ നൽകിയ സാവകാശം തീരാൻ ശേഷിക്കുന്നത് ഇനി 10 ദിവസം മാത്രം. ജില്ലയിൽ ലൈസൻസ് ഉള്ള സ്ഥാപനങ്ങളിൽ 70 ശതമാനത്തിലധികവും ജീവനക്കാർക്ക് ഹെൽത്ത് കാർഡ് എടുത്തിട്ടുണ്ട്. ജനുവരി മുതൽ ഹെൽത്ത് കാർഡ് നിർബന്ധമാക്കുമെന്ന് സർക്കാർ അറിയിച്ചിരുന്നെങ്കിലും ഹോട്ടൽ ഉടമകളുടെ അഭ്യർഥന മാനിച്ച് കാലാവധി പല തവണയായി നീട്ടുകയായിരുന്നു.



ഇവരുടെ നേതൃത്വത്തിൽ ഹെൽത്ത് കാർഡ് എടുപ്പിക്കുന്നതിനായി ക്യാംപ് സംഘടിപ്പിച്ചിരുന്നെങ്കിലും ഇതുവരെയും നടപടികൾ ആരംഭിക്കാത്ത ഹോട്ടലുകളും ജില്ലയിലുണ്ട്.

ഹെൽത്ത് കാർഡ് എടുക്കാൻ ടൈഫോയ്ഡ് വാക്സീൻ നിർബന്ധമാക്കിയതിനെതിരെ പ്രതിഷേധവുമായി സംഘടനകൾ രംഗത്ത് വന്നിരുന്നു. സർക്കാർ ആശുപത്രികളിൽ ഈ വാക്സീൻ ലഭ്യമല്ല. സ്വകാര്യ ആശുപത്രികളിൽ 2000 രൂപയോളമാണ് നിരക്ക്. ഹെൽത്ത് കാർഡ് എടുക്കേണ്ടതിനായി ടൈഫോയ്ഡ് വാക്സീന് ആവശ്യക്കാർ കൂടിയതോടെ വാക്സീൻ പൂഴ്ത്തിവച്ചുവെന്ന് ആരോപണങ്ങളും ഉയർന്നിരുന്നു. വാക്സീൻ പുറത്ത് നിന്ന് വാങ്ങേണ്ടി വന്നതോടെ ഒരു ജീവനക്കാരന് ഹെൽത്ത് കാർഡ് എടുക്കാൻ 3000 രൂപയോളമാണ് മുടക്കേണ്ടത്.

സമയപരിധി അവസാനിക്കുമ്പോഴും വാക്സീൻ ലഭ്യത ഉറപ്പാക്കും എന്ന പ്രഖ്യാപനം നടപ്പായിട്ടില്ല. അതിനിടെ അവധിക്കാലം പ്രമാണിച്ച് ഇതര സംസ്ഥാന ജീവനക്കാർ പലരും മടങ്ങിയതോടെ പുതുതായി ജോലിക്കെത്തുന്നവർക്ക് വീണ്ടും ഹെൽത്ത് കാർഡ് എടുക്കേണ്ട അവസ്ഥയിലാണ് ഉടമകൾ.

ഒരു വർഷമാണ് കാർഡിന്റെ കാലാവധി.ഹെൽത്ത് കാർഡ് നിർബന്ധമാക്കുന്നതിനൊപ്പം ലൈസൻസോ റജിസ്ട്രേഷനോ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെയും നടപടി എടുക്കണമെന്നാണ് ഹോട്ടൽ ഉടമകൾ പറയുന്നത്. ജില്ലയിൽ നൂറു കണക്കിന് വഴിയോര ഭക്ഷണശാലകൾ നിബന്ധനകൾ പാലിക്കാതെ പ്രവർത്തിക്കുന്നുവെന്നാണ് കണക്ക്.



# എല്ലാ ആദിവാസി കുടുംബങ്ങൾക്കും രേഖകൾ നൽകും: കലക്ടർ



**വെച്ചൂച്ചിറ:** സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ എബിസിഡി (അക്ഷയ ബിഗ് കാംപയ്ൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ) പദ്ധതിയെ ഉൾപ്പെടുത്തി 2 മാസത്തിനുള്ളിൽ ജില്ലയിലെ എല്ലാ ആദിവാസി സങ്കേതങ്ങളിലെയും കുടുംബങ്ങൾക്ക് ആധികാരിക രേഖകൾ നൽകുമെന്ന് ജില്ലാ കലക്ടർ ഡോ. ദിവ്യ എസ്.അയ്യർ പറഞ്ഞു.നാറാണംമൂഴി പഞ്ചായത്തിലെ കുരുമ്പൻമൂഴി ആദിവാസി സങ്കേതത്തിലെ പട്ടികവർഗ വിഭാഗങ്ങൾക്ക് ആധികാരിക സർട്ടിഫിക്കറ്റുകൾ നൽകുന്നതിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു കലക്ടർ.

മന്ത്രി കെ.രാധാകൃഷ്ണന്റെ നിർദേശ പ്രകാരമാണ് എബിസിഡി പദ്ധതി നടപ്പാക്കുന്നത്.പൗരനെന്ന നിലയിലുള്ള അവകാശങ്ങൾക്കും, ആനുകൂല്യങ്ങൾക്കും അർഹരാണെന്നത് ഉറപ്പു വരുത്തുന്നതിന് തിരിച്ചറിയൽ രേഖകൾ അനിവാര്യമാണ്. വ്യക്തിത്വ, കുടുംബ, സാമൂഹിക വികസനങ്ങൾക്കിത് വഴി തെളിക്കും. കൂടാതെ രേഖകൾ ലഭിക്കുന്നതിലൂടെ ആനുകൂല്യങ്ങൾ മറ്റുള്ളവർ നേടിയെടുക്കാതിരിക്കാനും സാഹചര്യം ഉണ്ടാകും.

കൈവശമായ രേഖകൾ ഏതെങ്കിലും സന്ദർഭത്തിൽ നഷ്ടപ്പെടാനിടയായാൽ വീണ്ടെടുക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഓരോരുത്തരുടെയും സ്വകാര്യത പാലിച്ചു കൊണ്ടു തന്നെ ഡിജിറ്റൽ സംവിധാനത്തിലൂടെ സൂക്ഷിച്ചുവയ്ക്കുന്ന ഡിജി ലോക്കർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അവർ പറഞ്ഞു.കുരുമ്പൻമൂഴി ആദിവാസി കോളനിയിലെ ശാലിനി സന്തോഷിന്റെ പേരിലുള്ള റേഷൻ കാർഡ്, ആധാർ അപ്ഡേഷൻ എന്നിവയുടെ പകർപ്പ് മകൾ സുജിതയ്ക്കു കലക്ടർ നൽകി.

പനമൂട്ടിൽ ദീപയുടെ മകൻ വൈഷ്ണവിന് (4) ആധാർ നൽകുന്നതിനുള്ള ഫോട്ടോ കലക്ടർ എടുത്തു.പഞ്ചായത്ത് പ്രസിഡന്റ് ബീനാ ജോബി അധ്യക്ഷയായി. വൈസ് പ്രസിഡന്റ് രാജൻ നീറംപ്ലാക്കൽ, അംഗം മിനി ഡൊമിനിക്, ജില്ലാ പട്ടികവർഗ വികസന ഓഫീസർ എസ്. എസ്.സുധീർ, തഹസിൽദാർ കെ.മഞ്ജുഷ, ഐടി മിഷൻ ജില്ലാ പ്രോജക്ട് മാനേജർ കെ.ധനേഷ്, സംസ്ഥാന ഉപദേശക സമിതി അംഗം രാജപ്പൻ, ഊരുമൂപ്പൻ പൊടിയൻ കുഞ്ഞുഞ്ഞ്, ലീഡ് ബാങ്ക് മാനേജർ സിറിയക് തോമസ്, കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി ജില്ലാ പ്രോജക്ട് കോ ഓർഡിനേറ്റർ ഡെന്നിസ് ജോൺ, നാറാണംമൂഴി പഞ്ചായത്ത് സെക്രട്ടറി എ.സുരേഷ്, റാന്നി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എ.നിസാർ, അക്ഷയ അസിസ്റ്റന്റ് പ്രോജക്ട് കോ ഓർഡിനേറ്റർ എസ്.ഷിനു എന്നിവർ പ്രസംഗിച്ചു.

## അരൂർ , തുറവൂർ മേൽപ്പാത സ്ഥലമെടുപ്പിന് 3ഡി വിജ്ഞാപനം ഇറങ്ങി

**ആലപ്പുഴ :** ദേശീയപാത 66ൽ അരൂർ തുറവൂർ മേൽപാതയ്ക്കായി സ്ഥലമേറ്റെടുക്കാനുള്ള 3ഡി വിജ്ഞാപനം ഇറങ്ങി. 0.1994 ഹെക്ടർ സ്ഥലം ഏറ്റെടുക്കാനാണു വിജ്ഞാപനം. ഏറ്റെടുക്കേണ്ട ബാക്കി സ്ഥലത്തിന്റെ വിജ്ഞാപനം പിന്നീട് ഇറങ്ങും. ഇവിടെ പദ്ധതി നടപ്പാക്കാൻ വേണ്ട ആകെ സ്ഥലത്തിന്റെ 80 ശതമാനത്തിലധികം ദേശീയപാതാ അതോറിറ്റിയുടേതു തന്നെയായതിനാൽ, ടെസ്റ്റ് പൈലിങ് ഉൾപ്പെടെ തുടങ്ങിയിട്ടുണ്ട്. റോഡരികിലെ വൈദ്യുതത്തൂണുകൾ ഉൾപ്പെടെ നീക്കാനും തുടങ്ങി.നിലവിലെ നാലുവരിപ്പാതയ്ക്കു മുകളിലായാണ് ആറുവരി മേൽപാത നിർമിക്കുന്നത്. ഇവിടെ 30 മീറ്റർ വീതിയിൽ ദേശീയപാതാ അതോറിറ്റിക്കു സ്ഥലമുണ്ട്.

മറ്റിടങ്ങളിൽ ദേശീയപാതാ വികസനത്തിനു 45 മീറ്റർ വീതിയിലാണു സ്ഥലമെടുക്കുന്നതെങ്കിലും അരൂർ തുറവൂർ ഭാഗത്ത് വളരെക്കുറച്ചു സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നത്. മേൽപാതയിലേക്കു വാഹനങ്ങൾക്കു കയറാനും ഇറങ്ങാനും സൗകര്യമൊരുക്കുന്ന ഭാഗങ്ങളിലാണു പ്രധാനമായും സ്ഥലം ഏറ്റെടുക്കുന്നത്. രാജ്യത്തെ തന്നെ ഒറ്റത്തൂണിൽ നിർമിക്കുന്ന ഏറ്റവും വലിയ ആറുവരിപ്പാതയാണ് അരൂർ തുറവൂർ ഭാഗത്ത് 12.75 കിലോമീറ്റർ നീളത്തിൽ വരുന്നത്. മഹാരാഷ്ട്രയിലെ നാസിക് കേന്ദ്രമായി പ്രവർത്തിക്കുന്ന അശോക് ബിൽകോൺ കമ്പനിയാണു നിർമാണം നടത്തുന്നത്. 1668.50 കോടി രൂപയാണു പദ്ധതിച്ചെലവ്.



## ചെട്ടികുളങ്ങര അശ്വതി ഉത്സവം 24ന്; കെട്ടുകാഴ്ചകൾക്ക് മാർഗനിർദേശം

**ചെട്ടികുളങ്ങര:** ദേവീക്ഷേത്രത്തിൽ 24നു നടക്കുന്ന അശ്വതി ഉത്സവ കെട്ടുകാഴ്ചയുമായി ബന്ധപ്പെട്ടു ആചാരാനുഷ്ഠാനങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായി 13 കരകളുടെയും ഏകീകൃത സംഘടനയായ ശ്രീദേവി വിലാസം ഹിന്ദുമത കൺവൻഷൻ മാർഗനിർദേശങ്ങൾ പുറത്തിറക്കി. 20 അടിയിൽ താഴെ ഉയരമുള്ള കെട്ടുകാഴ്ചകൾ മാത്രമേ ക്ഷേത്രത്തിലേക്കു പ്രവേശിപ്പിക്കൂ എന്നു കൺവൻഷൻ പ്രസിഡന്റ് ബി.ഹരികൃഷ്ണൻ, സെക്രട്ടറി എം.മനോജ് കുമാർ, വൈസ് പ്രസിഡന്റ് പി.കെ.റെജി കുമാർ എന്നിവർ അറിയിച്ചു. കെട്ടുകാഴ്ചകളായി കുതിര, തേര്, ഭീമൻ, ഹനുമാൻ, പാഞ്ചാലി, ആന എന്നിവ മാത്രമേ അനുവദിക്കൂ.

ഫ്ലോട്ടുകൾ അനുവദിക്കുന്നതല്ല. കെട്ടുകാഴ്ചയോടൊപ്പം ഡിജെ, നാസിക് ദോൽ, കൊടികൾ തുടങ്ങിയവ കർശനമായി നിരോധിച്ചു. കെട്ടുകാഴ്ചകൾ മുൻകൂട്ടി റജിസ്റ്റർ ചെയ്യണം. 21മുതൽ ഇതിനായി റജിസ്ട്രേഷൻ കൺവൻഷൻ ഓഫിസിൽ തുടങ്ങും. കെട്ടുകാഴ്ച നിർമാണത്തിന് പൊതുജനങ്ങളിൽ നിന്നുള്ള സാമ്പത്തിക പിരിവ് അനുവദിക്കുന്നതല്ല. പൊതുഗതാഗതം തടസ്സപ്പെടുത്തുന്നതിനെതിരെയും വൈദ്യുതി ലൈനുകൾ അഴിച്ചുമാറ്റുന്നതിനെതിരെയും ഹൈക്കോടതി ഉത്തരവ് പ്രകാരം നിയമനടപടി സ്വീകരിക്കാൻ പൊലീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൺവൻഷൻ ഭാരവാഹികൾ അറിയിച്ചു.



## ജി 20 ഉദ്യോഗസ്ഥ സമ്മേളനം: കൺവൻഷൻ സെന്റർ പൂർത്തിയായി



**കുമരകം:** ജി 20 ഉദ്യോഗസ്ഥ സമ്മേളനത്തിനായി കെടിഡിസിയിൽ പണിത കൺവൻഷൻ സെന്ററിന്റെ നിർമാണം പൂർത്തിയായി. 10,000 ചതുരശ്രയടിയിൽ 600 പേർക്ക് ഇരിക്കാവുന്ന കൺവൻഷൻ സെന്റർ മൂന്നര മാസം കൊണ്ടാണു പൂർത്തിയാക്കിയത്. 10 കോടി രൂപ നിർമാണത്തിനായി ചെലവഴിച്ചു. പരിസ്ഥിതി സൗഹൃദമായ പ്രീ ഫാബ് ടെക്നോളജി ഉപയോഗിച്ചാണു നിർമാണം.

പരിസ്ഥിതിക്കു കോട്ടം വരാതിരിക്കാനും കല്ല്, മണൽ, സിമന്റ് മുതലായവയുടെ ഉപഭോഗം കുറയ്ക്കുന്നതിനുമാണു പ്രീ ഫാബ് സ്റ്റീൽ ടെക്നോളജി ഉപയോഗിച്ചത്. ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് ആയിരുന്നു നിർമാണച്ചുമതല. സ്റ്റീൽ സ്ട്രക്ചർ നിർമാണം നടത്തിയത് പ്രീ ഫാബ് സ്റ്റീൽ ബിൽഡിങ് കമ്പനിയായ വുട്ട്സ് സ്ട്രക്ച്ചേഴ്സാണ്.

പശ്ചാത്തല സൗകര്യമൊരുക്കൽ 25നു മുൻപ് പൂർത്തീകരിക്കും. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടക്കുന്ന ഒരുക്കങ്ങളുടെ പുരോഗതി കലക്ടർ പി.കെ.ജയശ്രീയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം വിലയിരുത്തി. ഹൗസ്ബോട്ടുകളും ഏഴു ബോട്ടുകളും സമ്മേളനത്തിനായി ഒരുക്കിയിട്ടുണ്ട്. രണ്ട് അത്യാധുനിക സൗകര്യങ്ങളുള്ള അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസും മെഡിക്കൽ ടീമടക്കമുള്ള സൗകര്യങ്ങളും സജ്ജമാക്കി. സമ്മേളനത്തിന്റെ ഭാഗമായി 100 കോളജ് വിദ്യാർഥികൾക്ക് പ്രതിനിധികളുമായി സംവദിക്കാൻ അവസരം ലഭിച്ചേക്കും.

## താമരപ്പൂ വസന്തമൊരുക്കി പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം

**കുമരകം:** കായലും ഹൗസ്ബോട്ടും ആസ്വദിക്കാനെത്തുന്ന സഞ്ചാരികൾക്കു മുന്നിൽ താമരപ്പൂ വസന്തമൊരുക്കി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം. മുൻപ് ആമകൾ തിന്നു തീർത്ത ആമ്പലുകൾക്കു പകരമായിട്ടാണ് താമര നട്ടു നോക്കിയത്. പ്രാദേശികമായി ശേഖരിച്ച താമരക്കിഴങ്ങുകൾ നട്ടു.

7 ാം ദിവസം വേരുപിടിച്ച കിഴങ്ങുകൾ വളർന്ന് 25 ാം ദിവസം മൊട്ടിട്ടു. ജനുവരിയിൽ ആദ്യം നട്ട കിഴങ്ങുകൾ മൂന്നു മാസം കൊണ്ടാണു ജലാശയത്തിൽ വ്യാപിച്ചത്.കോട്ടയം, കുമരകം പാതയോടു ചേർന്നുള്ള ജലാശയത്തിലാണു താമരക്കൃഷി. മുൻപു പോള നിറഞ്ഞ നിലയിലായിരുന്നു 80 മീറ്റർ നീളവും 12 മീറ്റർ വീതിയുമുള്ള ഈ ജലാശയം. സംയോജിത താമര മത്സ്യക്കൃഷി എന്ന ലക്ഷ്യത്തോടെയുള്ള പരീക്ഷണമാണിതെന്നു റിസർച് സ്റ്റേഷൻ മേധാവി ഡോ. ഷീബ റബേക്ക പറഞ്ഞു.



## വട്ടവട മേഖലയിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ കുളം നിർമിച്ച് തൊഴിലുറപ്പ് തൊഴിലാളികൾ

**മൂന്നാർ:** വട്ടവട മേഖലയിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനായി കുളം നിർമിച്ച് തൊഴിലുറപ്പു തൊഴിലാളികൾ. വട്ടവട പഞ്ചായത്തിലെ പഴത്തോട്ടം 11ാം വാർഡിലാണ് അറുപതിലധികം തൊഴിലാളികൾ ചേർന്ന് മാസങ്ങൾ കൊണ്ട് കേന്ദ്ര സർക്കാരിന്റെ അമൃത സരോവർ പദ്ധതി പ്രകാരം കുളം നിർമിച്ചത്. 30 മീറ്റർ നീളവും 13.25 മീറ്റർ വീതിയും 3 മീറ്റർ താഴ്ചയുമുള്ള കുളമാണു നിർമിച്ചത്.

പഴത്തോട്ടത്തു നീരുറവ ഉള്ള സ്ഥലത്ത് നിർമിച്ച കുളത്തിൽ ജലം സംഭരിച്ച് പഴത്തോട്ടം, വട്ടവട, കോവിലൂർ ഗ്രാമങ്ങളിലെ കൃഷിയാവശ്യത്തിനും ശുദ്ധജല ആവശ്യത്തിനും വിതരണം ചെയ്യാനാണ് പദ്ധതി. മണ്ണിടിച്ചിലുണ്ടായി കുളത്തിൽ മണ്ണ് ഒഴുകിയെത്താതെയും വശങ്ങൾ ഇടിയാതെയുമിരിക്കുന്നതിനായി വശങ്ങളിൽ കയർ ഭൂവസ്ത്രങ്ങൾ വിരിച്ച ശേഷം പുല്ലുകൾ വച്ചുപിടിപ്പിച്ചാണ് കുളം നിർമിച്ചത്.

വട്ടവട മേഖലയിൽ വേനൽ കടുത്തതോടെ കടുത്ത ശുദ്ധജല ക്ഷാമമാണ് നേരിടുന്നത്. കുളത്തിൽ നിന്നും ഹോസുകളിട്ട് ജലം നൽകുന്നതോടെ കോവിലൂർ, വട്ടവട, പഴത്തോട്ടം ഗ്രാമങ്ങളിലെ വീടുകൾക്കും കൃഷിക്കും ഏറെ പ്രയോജനമാകും.

## ജൽജീവൻ മിഷൻ: കേന്ദ്രസംഘമെത്തി

**കാഞ്ഞിരപ്പുഴ:** കേന്ദ്രസംസ്ഥാന സർക്കാരുകളുടെ 90 % സബ്സിഡിയോടുകൂടി പഞ്ചായത്ത് പരിധികളിലെ മുഴുവൻ കുടുംബങ്ങൾക്കും പുതിയ വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള ജൽജീവൻ മിഷൻ പദ്ധതി വിലയിരുത്താനായി രണ്ടംഗ കേന്ദ്രസംഘം ജില്ലയിലെത്തി. മിനിസ്ട്രി ഓഫ് ജൽശക്തി വിഭാഗത്തിലെ നാഷനൽ വാട്ടർ എക്സ്പർട്ടുകളായ ഡോ.പി.ശിവറാം, എ.കെ.സക്സേന എന്നിവരാണ് ജില്ലയിൽ പര്യടനം നടത്തുക. കാഞ്ഞിരപ്പുഴ, തെങ്കര പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എസ്.

ദിനുവുമായും മറ്റ് ബന്ധപ്പെട്ടവരുമായും ഇവർ കൂടിക്കാഴ്ച നടത്തി. സംഘം 24 വരെ ജില്ലയിൽ ഉണ്ടാകും.

കിഴക്കഞ്ചേരി , എരുത്തേമ്പതി, കോഴിപ്പതി, ഒഴലപ്പതി, അഗളി, പുതൂർ, നെന്മാറ, ശ്രീകൃഷ്ണപുരം, പൂക്കോട്ടുകാവ്, നെല്ലായ, മണ്ണാർക്കാട്, തച്ചനാട്ടുകര എന്നിവിടങ്ങളിലും ഇവർ സന്ദർശനം നടത്തും.

# പാലക്കാട് മാതൃകയായി വനാമൃതം പദ്ധതി



**പാലക്കാട്:** വനവും ആരോഗ്യവും എന്നതാണ് ഈ വർഷത്തെ ലോക വനദിന സന്ദേശം. വനങ്ങൾ വെള്ളം ശുദ്ധീകരിക്കാനും വായു ശുദ്ധമാക്കാനും ഉൾപ്പെടെ ആവശ്യമാണെന്നു വ്യക്തമാക്കുന്നതോടൊപ്പം ആരോഗ്യ സംരക്ഷണത്തിൽ എത്ര പങ്ക് വഹിക്കുന്നുണ്ടെന്നു കൂടി ഓർമപ്പെടുത്തുകയാണ് ഇതുവഴി.വനത്തിനും മരത്തിനും വേണ്ടി പോരാടാൻ ലോകം പഠിച്ച പാഠങ്ങളിലൊന്നു പാലക്കാട്ടു നിന്നാണ്. ഒരു മഴക്കാടിനു വേണ്ടി ഇന്ത്യയിലെ പ്രകൃതിസ്നേഹികളും എഴുത്തുകാരും നാട്ടുകാരും ഒന്നിച്ച സൈലന്റ് വാലി പ്രക്ഷോഭത്തിലൂടെ വനങ്ങളുടെയും പുഴകളുടെയും സംരക്ഷണത്തെക്കുറിച്ചുള്ള പുതിയ അധ്യായത്തിന്റെ തുടക്കമായി. നിത്യഹരിത വനങ്ങളും അർധ നിത്യഹരിത വനങ്ങളും ഇലപൊഴിയും വനങ്ങളും കൊണ്ട് സമൃദ്ധമാണ് ജില്ല. വനങ്ങളുമായി ബന്ധപ്പെട്ട് ജില്ലയിൽ തുടക്കം കുറിച്ച ചില മാതൃകകൾ.

വനത്തിലെ അപൂർവയിനം ഔഷധങ്ങൾ ശേഖരിച്ച് ഔഷധ നിർമാണത്തിനു നൽകുന്ന വനാമൃതം പദ്ധതി സംസ്ഥാനത്ത് ആദ്യം ആരംഭിച്ചത് മണ്ണാർക്കാടാണ്. വനവിഭവങ്ങൾക്ക് കൂടുതൽ വിലയും ആദിവാസി സമൂഹത്തിന് തൊഴിലവസരങ്ങളും സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ മണ്ണാർക്കാട് വനം ഡിവിഷൻ വനവികസന ഏജൻസിയുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. ഉൾവനത്തിൽ നിന്ന് ഉൾപ്പെടെയുള്ള ഔഷധ സസ്യങ്ങളാണ് ആദിവാസികൾ ശേഖരിച്ച് വനസംരക്ഷണ സമിതിയിലെത്തിക്കുന്നത്. കുറുന്തോട്ടി, ഓരില, മൂവില, ചുണ്ട, തിപ്പല്ലി, പാടവേര്, നന്നാരി, ചെറുതേക്ക് തുടങ്ങിയ ഔഷധങ്ങളാണ് ശേഖരിക്കുന്നത്.

ഇത്തരത്തിൽ ശേഖരിക്കുന്ന ഉൽപന്നങ്ങൾ അതത് വനസംരക്ഷണ സമിതികളിൽ എത്തിക്കും. വനം വകുപ്പ് ബിഎഫ്ഒമാരാണ് വനസംരക്ഷണ സമിതികളുടെ സെക്രട്ടറിമാർ. കടുകുമണ്ണ, സാമ്പാർക്കോട്, ധാന്യം, പൊട്ടിക്കൽ, മൂലക്കൊമ്പ്, മേലേചാവടിയൂർ തുടങ്ങിയ വനസംരക്ഷണ സമിതികളിൽ നിന്നായി 8592 കിലോ വനവിഭവങ്ങൾ ഇതിനകം വിൽപന നടത്തി. ഈ വർഷം 35000 കിലോ വനവിഭവങ്ങൾ ശേഖരിക്കാനാണു ലക്ഷ്യമിടുന്നത്. ഗോത്ര വർഗങ്ങളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കാൻ പദ്ധതിക്ക് കഴിഞ്ഞതായി മണ്ണാർക്കാട് ഡിഎഫ്ഒ എം.കെ.സുർജിത് പറഞ്ഞു.

അഞ്ചുകോടി വർഷംകൊണ്ടു രൂപപ്പെട്ടതാണ് സൈലന്റ്‌വാലി നിത്യഹരിത നിബിഡ വനം. ഇവിടെ കൂടുതലായി ഉള്ളതു മഴക്കാടുകളാണ്. ഈ നിശ്ശബ്ദ താഴ്‌വരയെക്കുറിച്ചു 1970കൾക്കു മുൻപ് ശാസ്ത്രലോകത്തിനു വ്യക്തമായ അറിവില്ലായിരുന്നു. വിദേശ ജന്തുശാസ്ത്രജ്ഞരായ സ്റ്റീവൻ ഗ്രീൻ, മിനോവ്സ്കി എന്നിവർ സിംഹവാലൻ കുരങ്ങുകളെക്കുറിച്ചു പഠിക്കാനായി ഇവിടെയെത്തി. ഇവർ നടത്തിയ കണ്ടെത്തലുകൾ പുറത്തുവന്നതോടെ ലോകം ഈ താഴ്?വരയെ ശ്രദ്ധിച്ചുതുടങ്ങി.

സൈലന്റ് വാലിയിൽ കുന്തിപ്പുഴക്ക് കുറുകെ അണക്കെട്ട് നിർമിച്ച് വൈദ്യുതി ഉണ്ടാക്കാമെന്ന പദ്ധതിയായിരുന്നു സർക്കാരിന്. 1973ൽ സൈരന്ധ്രിയിൽ 522 മെഗാ യൂണിറ്റ് ജലവൈദ്യുത പദ്ധതി സ്ഥാപിക്കാനുള്ള കെഎസ്ഇബി നിർദേശത്തിന് പ്ലാനിങ് കമ്മിഷന്റെ അനുമതി ലഭിച്ചു. പദ്ധതി നിലവിൽ വന്നാൽ അപൂർവ ഇനം സസ്യങ്ങളും ജീവികളും ഉൾപ്പെടെയുള്ളവ നശിക്കുമെന്നു പരിസ്ഥിതി പ്രവർത്തകർ ചൂണ്ടിക്കാട്ടി. ലോകത്തെ അത്യപൂർവമായ മഴക്കാടുകൾ നിലനിർത്താൻ വേണ്ടി ഒരുസംഘം നാട്ടുകാരും പ്രകൃതി സ്നേഹികളും എഴുത്തുകാരും ശാസ്ത്രജ്ഞരും ഊണും ഉറക്കവും കളഞ്ഞു കോടതി കയറി. കേരള നാചറൽ ഹിസ്റ്ററി സൊസൈറ്റി, ഇന്ത്യൻ സയൻസ് കോൺഗ്രസ്, മുംബൈ നാചറൽ ഹിസ്റ്ററി സൊസൈറ്റി, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയ സംഘടനകളും രംഗത്തെത്തി. അങ്ങനെ ലോകശ്രദ്ധ പിടിച്ചുപറ്റിയ ഒന്നായി സൈലന്റ്‌വാലി പ്രസ്ഥാനം.

## ആവിക്കൽ തോട്ടിൽ മലിനീകരണം; സമീപവാസികൾക്ക് ദുരിതജീവിതം

**വടകര:** ആവിക്കൽ തോട്ടിൽ രൂക്ഷമായ മലിനീകരണം സമീപവാസികളുടെ ജീവിതം ദുരിതമാക്കുന്നു. നഗരസഭയുടെയും ചോറോട് പഞ്ചായത്തിന്റെയും അതിർത്തി പങ്കിടുന്ന തോട്ടിൽ മലിനജലം ഒഴുകാതെ ചെളികലർന്നു കെട്ടിക്കിടക്കുന്നതാണ് പ്രശ്നം. രൂക്ഷമായ ദുർഗന്ധം മൂലം വീടുകളിൽ ഭക്ഷണം കഴിക്കാൻ പോലും പറ്റാത്ത അവസ്ഥയാണ്. പ്രദേശത്തെ സർവ മാലിന്യവും തോട്ടിൽ തള്ളുന്നതാണ് പ്രശ്നം. നേരത്തേ നല്ല വീതിയുണ്ടായിരുന്ന തോടിന്റെ കുറെ ഭാഗത്ത് കയ്യേറ്റം നടന്നിട്ടുണ്ട്. നേരത്തേ കുളിക്കാൻ ആളുകൾ ഉപയോഗിച്ചിരുന്ന തോട് തീർത്തും മലിനമാണിപ്പോൾ. മഴക്കാലത്ത് വെള്ളമൊഴുക്കുണ്ടാവുന്നതു കൊണ്ട് മലിനീകരണത്തിന് അൽപം കുറവുണ്ടാകും.



നഗരസഭയിലെ ഒന്നാം വാർഡായ കുരിയാടിയിൽ തുടങ്ങുന്ന, 3 കിലോമീറ്റർ ദൂരമുള്ള തോടിന്റെ 100 മീറ്റർ ഭാഗം ചോറോട് പഞ്ചായത്തിലെ ആമത്തോട് ഭാഗത്താണ്. തോട് നവീകരിക്കാൻ നേരത്തേ നഗരസഭ തുക പാസാക്കിയെങ്കിലും ടെൻഡർ എടുക്കാൻ ആളില്ലെന്നു പറഞ്ഞ് വക മാറ്റി. ഒരു വർഷം മുൻപ് നാട്ടുകാർ തോട് ശുചീകരിച്ചിരുന്നു. വീണ്ടും മാലിന്യം നിറഞ്ഞതു കൊണ്ട് തോട് പഴയ മട്ടിലായി. തോടിന്റെ അരികുകൾ കെട്ടി ചെളി നീക്കുന്ന പണി ഉൾപ്പെടെ നടത്തണമെന്ന് വാർഡ് കൗൺസിലർ ടി.പി.സുരക്ഷിത ആവശ്യപ്പെട്ടു. മലിനീകരണം രൂക്ഷമായതു കൊണ്ട് പരിസരവാസികൾ ബുദ്ധിമുട്ടുകയാണ്. ഇതിന് ഉടൻ പരിഹാരം കാണണം



## കൊച്ചി മെട്രോ രണ്ടാം ഘട്ടം

# ബദൽ റൂട്ടുകൾ അന്തിമമായി നിശ്ചയിക്കുമെന്ന് കെഎംആർഎൽ

**കൊച്ചി:** കൊച്ചി മെട്രോ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുന്നോടിയായി മെട്രോ അലൈൻമെന്റ് വരുന്ന റൂട്ടിൽ കുരുക്ക് ഒഴിവാക്കുവാനും ഗതാഗതം സുഗമമാക്കുവാനുമായുള്ള ബദൽ റൂട്ടുകൾ നിശ്ചയിക്കുന്നതിന് ജനപ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും കെഎംആർഎൽ ചർച്ച നടത്തി.  കെഎംആർഎൽ ആസ്ഥാനത്ത് ലോക്നാഥ് ബെഹ്റയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ മെട്രോ അലൈൻമെന്റ് വരുന്ന റൂട്ടിലെ ജനപ്രതിനിധികളും പൊലീസ്, മോട്ടോർവാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജിസിഡിഎ, വാട്ടർ അതോറിറ്റി ഉദ്യാഗസ്ഥരും പങ്കെടുത്തു. മെട്രോ ഉദ്യോഗസ്ഥരും മറ്റ് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളും ചേർന്ന് പരിശോധന നടത്തി തയ്യാറാക്കിയ ബദൽ റൂട്ടുകളുടെ പട്ടിക ജനപ്രതിനിധികൾക്ക് മുൻപാകെ സമർപ്പിച്ച് നിർദ്ദേശങ്ങൾ തേടി. ബദൽ റൂട്ടുകൾ സൂചിപ്പിക്കുന്ന ദിശാസൂചികകൾ സ്ഥാപിക്കണെമന്നും പൊതുജനങ്ങളെ സഹായിക്കുന്നതിന് ട്രാഫിക് വാർഡൻമാരെ നിയോഗിക്കണമെന്നും ജനപ്രതിനിധികൾ നിർദ്ദേശിച്ചു. നിരത്തുകളിൽ പൊതുജനങ്ങളുടെ സുഗമമായ യാത്രയ്ക്ക് തടസ്സമുണ്ടാക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണമെന്നും യോഗത്തിൽ അഭിപ്രായമുയർന്നു. ജനപ്രതിനിധികൾ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ബദൽ റൂട്ടുകൾ അന്തിമമായി നിശ്ചയിക്കുമെന്ന് കെഎംആർഎൽ അറിയിച്ചു.

## വൈറ്റില മെട്രോ സ്റ്റേഷനിൽ മെട്രോ മഹിളാ മാർക്കറ്റ്

**കൊച്ചി:** വനിതാ സംരംഭകർക്കും ഭിന്നശേഷിയുള്ളവർക്കും കൈത്താങ്ങാവുക എന്ന ഉദ്ദേശത്തോടെ കൊച്ചി മെട്രോ സ്റ്റേഷനിൽ പ്രദർശന വിൽപ്പന മേള. മെട്രോ മഹിളാ മാർക്കറ്റ് എന്ന് പേരിട്ടിരിക്കുന്ന വനിതാ സംരംഭകരുടെ പ്രദർശന വിൽപ്പന മേള ഈ മാസം 25, 26 തീയതികളിൽ നടക്കും. വൈറ്റില മെട്രോ സ്റ്റേഷനിലാണ് രണ്ട് ദിവസം നീണ്ട് നിൽക്കുന്ന മെട്രോ മഹിളാ മാർക്കറ്റ് നടക്കുക. മെട്രോ മഹിളാ മാർക്കറ്റിന്റെ ഭാഗമാകുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി വനിതകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. വസ്ത്രങ്ങൾ, ഭക്ഷ്യവസ്തുക്കൾ, കരകൌശല വസ്തുക്കൾ എന്നിവ വിൽക്കാൻ അവസരമുണ്ട്. ഭിന്നശേഷിക്കാരായ വ്യക്തികൾക്കും അവർ നിർമ്മിക്കുന്ന ഉത്പനങ്ങൾ മെട്രോ സ്റ്റേഷനിൽ ഈ ദിവസങ്ങളിൽ വിൽക്കാം. ഭീമമായ വാടക തുകകൾ  താങ്ങാനാകാതെ വിഷമിക്കുന്ന ചെറുകിട സംരംഭകർക്ക് മെട്രോ മഹിളാ മാർക്കറ്റ് സഹായകരമാകുമെന്നാണ് കെഎംആർഎൽ പ്രതീക്ഷിക്കുന്നത്. വനിതാ സംരംഭകർക്ക് ഇന്ന് വൈകിട്ട് 6 മണി വരെയാണ് രജിസ്റ്റർ ചെയ്യാൻ അവസരം ലഭിക്കുക. കൊച്ചി മെട്രോ യാത്രക്കാരെയും പൊതുജനങ്ങളെയും മെട്രോ മഹിളാ മാർക്കറ്റിലേക്ക് സ്വാഗതം ചെയ്യുന്നു. മെട്രോ മഹിളാ മാർക്കറ്റ് സന്ദർശിക്കുന്നതിന് പ്രവേശനം സൗജന്യമായിരിക്കും.

# അമേരിക്കൻ ഹാർട്ട് അസോസിയേഷൻ ഉച്ചകോടി സമാപിച്ചു

**കോഴിക്കോട്:** കോഴിക്കോട് ആസ്റ്റർ മിംസിന്റെ സഹകരണത്തോടെ മാർച്ച് 19 മുതൽ കെ.പി.എം ട്രിപ്പന്റയിലും ആസ്റ്റർ മിംസിലുമായി നടന്ന അമേരിക്കൻ ഹാർട്ട് അസോസിയേഷൻ(എ.എച്ച്.എ)സമ്മേളനം സമാപിച്ചു.ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായി നിരവധി ആരോഗ്യവിദഗ്ധരുടെ നേതൃത്വത്തിൽ സംവാദങ്ങളും, ചർച്ചകളും വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചു.ത്രിദിന സമ്മേളനം കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്(കെ.യു.എച്ച്.എസ്) വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്തു.ആരോഗ്യമേഖലയിലെ  വിദഗ്ധരുടെ കീഴിൽ കൈവരിച്ച ശാസ്ത്രമുന്നേറ്റങ്ങളും ഈ മേഖലയിലെ  മികച്ച പ്രവർത്തനങ്ങളും ത്രിദിന  സമ്മേളനം ചർച്ചചെയ്തു. സംവേദനാത്മക സെഷനുകളിലൂടെ പഠിക്കാനും,  പ്രായോഗിക കഴിവുകൾ വികസിപ്പിക്കാനും വർക്ക്ഷോപ്പുകളിൽ ഏർപ്പെടാനും പങ്കെടുത്തവർക്ക് അവസരം ലഭിച്ചു.കൂടാതെ, ഇറ്റലി, അമേരിക്ക, ഇന്ത്യ, നേപ്പാൾ എന്നിവിടങ്ങളിൽ നിന്നുള്ള ട്രെയ്നർമാരുടെ നേതൃത്വത്തിൽ  മാർച്ച് 22 മുതൽ മാർച്ച് 24 വരെ ആസ്റ്റർ മിംസ് കാലിക്കറ്റിൽ എ.എച്ച്.എ യ്ക്ക് ഒരു പരിശീലന കേന്ദ്ര ഫാക്കൽറ്റി കോഴ്സ് സംഘടിപ്പിക്കും.ഹൃദയാരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനും ലോകമെമ്പാടുമുള്ള ഹൃദ്രോഗത്തിന്റെയും പക്ഷാഘാതത്തിന്റെയും ആഘാതം കുറയ്ക്കുവാനും ലക്ഷ്യമായി  പ്രവർത്തിക്കുന്ന സ്ഥാപനമാണ്  അമേരിക്കൻ  ഹാർട്ട് അസോസിയേഷൻ.ഡോക്ടർമാർ, നഴ്സുമാർ, എമർജൻസി മെഡിക്കൽ ടെക്നീഷ്യൻമാർ, പാരാമെഡിക്കുകൾ ഉൾപ്പടെ 450ലധികം ആരോഗ്യവിദഗ്ധരും, പരിശീലകരും സമ്മേളനത്തിൽ പങ്കെടുത്തു. 'എ.എച്ച്.എ 2023' ഉച്ചകോടിയുടെ വിജയത്തിൽ തങ്ങൾ ഏറെ  സന്തുഷ്ടരാണെന്നും അമേരിക്കൻ ഹാർട്ട് അസോസിയേഷൻ ഇന്ത്യ, ബംഗ്ലാദേശ്, ശ്രീലങ്ക,നേപ്പാൾ റീജ്യണൽ ഡയറക്ടർ സച്ചിൻ മേനോൻ പറഞ്ഞു. ആരോഗ്യ സംരക്ഷണ വിദഗ്ധർക്കും ഇൻസ്ട്രക്ടർമാർക്കും ഒത്തുചേരാനും പഠിക്കാനുമുള്ള മികച്ച അവസരമായിരുന്നു സമ്മേളനം. ആസ്റ്റർ  മിംസുമായുള്ള സഹകരണത്തിൽ തങ്ങൾക്ക്  നന്ദിയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആരോഗ്യമേഖലയിലെ വിദഗ്ധർക്കും,  വിവിധ പരിശീലകർക്കും ഒത്തുചേരാനും  പരസ്പരം പഠിക്കാനും ഇത്തരമൊരു  വേദിയൊരുക്കുവാൻ  സാധിച്ചതിൽ സന്തോഷമുണ്ടെന്നും ഭാവിയിൽ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിൽ അമേരിക്കൻ ഹാർട്ട് അസോസിയേഷനുമായുള്ള പങ്കാളിത്തം തുടരാൻ  ആഗ്രഹിക്കുന്നുവെന്നും ആസ്റ്റർ ഗ്രൂപ്പ് ഇന്ത്യയിലെ എമർജൻസി മെഡിസിൻ ഡയറക്ടർ ഡോ. പി.പി വേണുഗോപാൽ പറഞ്ഞു



## പ്രൊജക്ട് അസോസിയേറ്റ് (കെമിസ്ട്രി) ഒഴിവ്

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന ഗവേഷണ പദ്ധതിയിലേക്ക് താൽകാലികാടിസ്ഥാനത്തിൽ പ്രൊജക്ട് അസോസിയേറ്റിനെ (കെമിസ്ട്രി) നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരു ഒഴിവാണുള്ളത്.യോഗ്യരായവർ ഒറിജിനൽ സർട്ടിഫിക്കറ്റുകളും ബയോഡേറ്റയും സഹിതമുള്ള അപേക്ഷ റലൈ്യയായറേ2021@ഴാമശഹ.രീാ എന്ന ഇമെയിലിലേക്ക് ഏപ്രിൽ രണ്ടിന് മുമ്പായി അയക്കണം. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് ംംം.രാള്യശ.ീൃഴ.ശി

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ബോസ്റ്റൽ സ്കൂളിൽ 2023-2024 സാമ്പത്തിക വർഷത്തിൽ ഗാർഹിക എൽ.പി.ജി സിലിണ്ടർ  വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. മാർച്ച് 22  മുതൽ  ഏപ്രിൽ അഞ്ചിന് രാവിലെ 11.30 വരെ ടെൻഡർ സമർപ്പിക്കാവുന്നതാണ്. ഏപ്രിൽ അഞ്ചിന് വൈകിട്ട്  മൂന്നിന് ടെൻഡർ തുറക്കും. 14.200 കിലോയുടെ സിലിണ്ടറാണ് വിതരണം ചെയ്യേണ്ടത്. ഫോൺ : 04842421366, 9446899530

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അസാപ് കേരള (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം), ഗ്രാജ്വേറ്റ് ഇന്റേൺ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.നല്ല ആശയവിനിമയവും ഐടി നൈപുണ്യവും ഉള്ളവർക്ക് മുൻഗണന.  പ്രതിമാസ വേതനം 12500/ രൂപ  . എറണാകുളം ജില്ലയിലുള്ള  കളമശ്ശേരി, പെരുമ്പാവൂർ അസാപ് ഓഫീസുകളിലാണ് നിയമനം.  ഇന്റേൺഷിപ്പ് കാലാവധി ഒരു വർഷം.  അപേക്ഷിക്കേണ്ട അവസാന തീയതി മാർച്ച് 22.കൂടുതൽ വിവരങ്ങൾക്ക് 9495999671 / 9495999643 നമ്പറുകളിൽ ബന്ധപ്പെടുക. ഇമെയിൽ:റ്വാലസാ@മമ്പെുസലൃമഹമ.ഴീ.ശി.

## അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകൾ

കൊച്ചി: സംസ്ഥാന  സർക്കാർ സ്ഥാപനമായ എൽ. ബി. എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കളമശ്ശേരി മേഖലാകേന്ദ്രത്തിൽ ഏപ്രിൽ മൂന്നിന്  എച്ച്ടിഎംഎൽ, സിഎസ്എസ് എന്നിവ ഉപയോഗിച്ച് വെബ് ഡിസൈനിംഗ്, പൈത്തൺ പ്രോഗ്രാമിംഗ്, അഡോബ് ഫോട്ടോഷോപ്പ് ഉപയോഗിച്ച് ഗ്രാഫിക് ഡിസൈൻ, ടാലി, ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ, സി പ്രോഗ്രാമിംഗ് എന്നീ അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുന്നു ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും, ഈ വർഷം എസ്.എസ്.എൽസി, പ്ലസ് ടു പരീക്ഷ എഴുതുന്നവർക്കും, ഡിഗ്രി വിദ്യാർത്ഥികൾക്കും  ംംം.ഹയരെലിേൃല.സലൃമഹമ.ഴീ.ശി/ലെ്യശരലെ/രീൗൃലെ എന്ന സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9447211055, 9567230577, 0484 2541520.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ഭിന്നശേഷി കാഴ്ച പരിമിതിയുള്ള കുട്ടികൾക്കായുള്ള ബ്രെയിലി സ്റ്റേഷനറി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി സമഗ്ര ശിക്ഷാ കേരള ഓപ്പൺ ടെൻഡർ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 28ന് വൈകിട്ട് അഞ്ചു വരെ. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ടെൻഡറുകൾ പരിഗണിക്കില്ല. സ്പെസിഫിക്കേഷൻ, ടെൻഡർ ഫോറം, നിരതദ്രവ്യം തുടങ്ങി കൂടുതൽ വിവരങ്ങൾക്ക് സമഗ്രശിക്ഷാ കേരള എറണാകുളം ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0484 2962041, 9746401115

## ജോലി ഒഴിവ്

**കൊച്ചി:** കോട്ടയം ജില്ലയിലെ ഒരു മാനേജ്മെന്റ് സ്ഥാപനത്തിലേക്ക് എച്ച്.എസ്.എസ്.ടി ഹിന്ദി തസ്തികയിൽ കാഴ്ച വൈകല്യമുള്ളവർക്കായി സംവരണം ചെയ്ത ഒരു സ്ഥിരം ഒഴിവ് നിലവിലുണ്ട്. യോഗ്യത എം.എ ഹിന്ദി, ബി.എഡ്, സെറ്റ് അല്ലെങ്കിൽ തത്തുല്യം. ശമ്പള സ്കെയിൽ 552001,15,300. പ്രായം 2023 ജനുവരി ഒന്നിനു 40 വയസ് കവിയരുത്. നിശ്ചിത യോഗ്യതയുള്ള തല്പരരായ ഉദ്യോഗാർഥികൾ പ്രായം, ജാതി വിദ്യാഭ്യാസ യോഗ്യത, ഭിന്നശേഷിത്വം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഏപ്രിൽ മൂന്നിനു മുമ്പ് ബന്ധപ്പെട്ട പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട നിയമനാധികാരിയിൽ നിന്നുള്ള എൻ ഒ സി ഹാജരാക്കണം.

## ഇ–ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കോതമംഗലം ബ്ലോക്ക് എംഎൽഎ പ്രാദേശിക വികസന ഫണ്ട്/എൻസി ഫ്ളഡ്/പ്ലാൻ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്ന് ഇടെൻഡർ ക്ഷണിച്ചു. ടെൻഡർ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ നിന്നും, ooo. ഹഴെ.സല്യമഹമ.ഴീ.ശി വെബ് സൈറ്റിൽ നിന്നും അറിയാം. (ഫോൺ:0485 2822544). ടെൻഡർ സർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 29ന് വൈകിട്ട് ആറു വരെ.

## താൽക്കാലിക നിയമനം

**കൊച്ചി:** ജില്ലയിലെ ഒരു അർദ്ധ സർക്കാർ സ്ഥാപനത്തിൽ പമ്പ് ഓപ്പറേറ്റർ ഗ്രേഡ് 2 തസ്തികയിൽ ഒരു താൽക്കാലിക ഒഴിവുണ്ട്. എസ്.എസ്. എൽ.സിയും സമാനമേഖലയിൽ അഞ്ച് വർഷത്തെ പ്രവർത്തിപരിചയവുമാണ് യോഗ്യത.പ്രായപരിധി 18 41. വയസ്സിളവ് അനുവദനീയം.നിശ്ചിത യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം 29 ന് മുമ്പ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് ഓഫീസിൽ രജിസ്റ്റർ ചെയ്യണം.

# ഡ്രൈവറില്ലാ കാർ മുതൽ അർബുദത്തെ ചെറുക്കുന്ന മധുരക്കിഴങ്ങ് വരെ; കൗതുകം നിറച്ച് കെഐഇഡി പ്രദർശനം



**കൊച്ചി:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഒൺട്രപ്രണർഷിപ്പ് ഡെവലപ്മെൻറ് ആരംഭിച്ച സംരംഭ വികസന കേന്ദ്രത്തിൻറെ ഉദ്ഘാടന സമ്മേളനത്തിൽ പ്രദർശിപ്പിച്ചത് ഭാവിയുടെ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയ ഉത്പന്നങ്ങളാണ്. ഡ്രൈവറില്ലാ കാർ മുതൽ അർബുദത്തെ ചെറുക്കുന്ന മധുരക്കിഴങ്ങ് വരെയാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്.സ്റ്റാർട്ടപ്പ് ആരംഭിച്ചിട്ട് 15 മാസമേ ആയിട്ടുള്ളുവെങ്കിലും റോഷ് എഐ എന്ന സ്റ്റാർട്ടപ്പിന് അമേരിക്ക, ആസ്ട്രേലിയ, ജർമ്മനി എന്നിവിടങ്ങളിൽ ഉപഭോക്താക്കളായിക്കഴിഞ്ഞുവെന്ന് കമ്പനി സ്ഥാപകൻ ഡോ. റോഷി ജോൺ പറഞ്ഞു. ഇന്ത്യയിലെ ഡ്രൈവിംഗ് ശീലങ്ങൾ വിദേശങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമാണ്. ഡ്രൈവറില്ലാ കാർ പരീക്ഷിച്ചത് ഇന്ത്യൻ റോഡുകളിലായതിനാൽ ഇത് ലോകത്തെവിടെയും വിജയകരമാകും. വൈദ്യുതി കാറിന് ആവശ്യക്കാരേറുന്ന ഡ്രൈവറില്ലാ കാറിനും ഇന്ത്യയിൽ സാധ്യതയുണ്ടെന്ന് റോഷി ചൂണ്ടിക്കാട്ടി.തിരുവനന്തപുരത്തെ ഐസിഎആർ സെൻട്രൽ ട്യൂബർ കോർപ്സ് റിസർച്ച് പുറത്തിറക്കിയിരിക്കുന്നത് കാൻസറിനെ ചെറുക്കുന്ന മധുരക്കിഴങ്ങ് ഉപ്പേരിയാണ്. ഇതിനു പുറമെ കപ്പ കൊണ്ടുണ്ടാക്കിയ കീടനാശിനി, സിടിസിആർഐയുടെ വ്യാവസായിക ആവശ്യത്തിനുള്ള പശ തുടങ്ങിയവയും പ്രദർശനത്തിനുണ്ടായിരുന്നു.നാനോ മാസ്ക്, വായുശുദ്ധീകരണി, സാനിറ്റൈസർ, സ്വയം സഞ്ചരിക്കുന്ന ഇ ചക്രക്കസേര എന്നിവയാണ് അമൃത വിശ്വവിദ്യാപീഠം ഒരുക്കിയത്. അങ്കമാലി മറ്റൂരിലെ ലെനോറാകട്ടെ ഓട്ടോമൊബൈൽ യന്ത്രഭാഗങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ഇൻസ്റ്റിറ്റ്യൂഷണൽ പാനലുകൾ എന്നിവയാണ് പ്രദർശിപ്പിച്ചത്. പെരുമ്പാവൂരിലെ ഇബി ഫുഡ് പ്രദർശിപ്പിച്ച വാക്വം ഫ്രൈയിംഗ് മെഷീനും ശ്രദ്ധ പിടിച്ചുപറ്റി.അന്നമനടയിലെ യുവ സംരംഭകരായ നേഹ റോസ് ജയൻ, മേഘ മരിയ ബിജു എന്നിവർ വികസിപ്പിച്ചെടുത്ത ഡിജികരി സ്റ്റാർട്ടപ്പ് വഴി അരമണിക്കൂറിനുള്ളിൽ ഏതു ഉത്പന്നവും ഓൺലൈൻ വഴി വിൽക്കാനുള്ള സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. ചെറു സംരംഭങ്ങൾക്കും പ്രാദേശിക സംരംഭങ്ങൾക്കും ഓൺലൈൻ സാന്നിദ്ധ്യം ഉറപ്പു വരുത്താൻ ഇത് സഹായിക്കും.നവീനമായ ആശയങ്ങളിൽ ഹ്രസ്വചെറുകിട സംരംഭങ്ങൾ തുടങ്ങുന്നവർക്കും നിലവിൽ നടത്തുന്നവർക്കും പ്രായോഗിക പരിഹാരങ്ങളും സഹായങ്ങളും ലഭ്യമാക്കാൻ ആവിഷ്കരിച്ചിട്ടുള്ള നൂതനമായ പദ്ധതിയാണ് സംരംഭ വികസന കേന്ദ്രം. ഹ്രസ്വചെറുകിട സംരംഭക മേഖലയിലെ നൈപുണ്യം, സാങ്കേതികവിദ്യ ഗവേഷണം, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള ബന്ധം, വിദഗ്ധരുടെ സേവനം മുതലായ ഘടകങ്ങളെ ഒരു കുടക്കീഴിൽ സംരംഭകർക്കായി ലഭ്യമാകുക എന്ന ഉദ്ദേശത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്.വിവിധ കേന്ദ്ര സംസ്ഥാന ഗവേഷണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ, ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനം നടന്നു. സംരംഭകത്വ മേഖലയിലെ വിദഗ്ദ്ധരുമായി സംവദിക്കാനുള്ള സെഷനുകൾ, വിജയിച്ച സംരംഭകരുടെ പ്രഭാഷണം, എന്നിവയുമുണ്ടായിരുന്നു.കൂടുതൽ വിവരങ്ങൾക്ക് www.edckerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# കുടുംബപുരാണത്തിൽ കാണാക്കാഴ്ച്ചകളുമായി ബിനാലെയിൽ സജു കുഞ്ഞൻ



**കൊച്ചി:** ചിത്രകലയും മ്യൂസിയോളജിയും ഇടകലർന്ന ആവിഷ്കാരങ്ങളാണ് ബിനാലെയിൽ മലയാളി ആർട്ടിസ്റ്റ് സജു കുഞ്ഞന്റേത്. രണ്ടു മേഖലയിലും പഠനം നടത്തി കൈവരിച്ച ആധികാരികത സൃഷ്ടികളുടെ തികവിന് നിമിത്തം. കുടുംബപുരാണം എന്ന് പ്രാഥമികവും ഏറ്റവും ലളിതവുമായി സജുവിന്റെ ആവിഷ്കാരങ്ങളെ വിളിക്കാമെങ്കിലും അവ ചരിത്രം, കുടിയേറ്റം, സ്ഥാനഭ്രംശം, പിടിച്ചടുക്കലുകൾ, അധികാരം, മേൽക്കോയ്മ മനോഭാവം, രാഷ്ട്രീയം തുടങ്ങി വിവിധ വിഷയങ്ങളിലേക്ക് ആസ്വാദകനെ കൂട്ടിക്കൊണ്ടു പോകുന്നുണ്ട്. ഫോട്ടോഗ്രാഫുകൾ, മ്യൂസിയത്തിലെ പുരാ രൂപങ്ങളുടെ ഫോട്ടോഗ്രാഫുകൾ തടിയുടെ വലിയ ക്യാൻവാസിലേക്ക് മുദ്രണം ചെയ്തവ, പുരാവസ്തു ബിംബങ്ങൾ, പരമ്പരാഗത നാട്ടുശൈലിയിൽ തീർത്ത മൺകട്ടകൾ എന്നിവയിൽ തീർത്ത ആറ് ആവിഷ്കാരങ്ങൾ ഫോർട്ട്കൊച്ചി പെപ്പർഹൗസിലെ ബിനാലെവേദിയിൽ കാണാം. മുംബൈയിൽ താമസമാക്കിയ സജുവിന്റെ ജന്മനാടായ പാലക്കാട് വെള്ളിനേഴി തിരുവാഴിയോടാണ് സൃഷ്ടികളുടെ ഭൂമിക. പഴയ പുത്തൻകുളം, സർപ്പക്കാവ്, പുതിയ പുത്തൻകുളം എന്നിങ്ങനെ ദേശചരിത്രം പരമ്പരയും ബംഗ്ലാവുകുന്ന് തൂക്കുപറമ്പ് റോഡ്, പിറന്ന മണ്ണിൽ നിന്നും നാടുകടത്തപ്പെട്ടവർ, പിറന്നമണ്ണിലേക്കുള്ള മടക്കം എന്നിവ ആവിഷ്കാരങ്ങളിൽ ഉൾപ്പെടുന്നു.ഒരാശയത്തെ ഏറ്റവും സംവേദനക്ഷമമായി എങ്ങനെ പ്രകാശനം ചെയ്യാം എന്നതിന് തനിക്ക് ലഭിച്ച ഉത്തരമാണ് ചിത്രകലയും മ്യൂസിയോളജിയും ഇഴചേർന്ന പ്രകാശനസങ്കേതമെന്ന് സജു പറഞ്ഞു. ബിനാലെ പ്രേക്ഷകരിൽ നിന്ന് ലഭിക്കുന്ന മികച്ച പ്രതികരണം ആത്മവിശ്വാസം പകരുന്നു. പത്തുകൊല്ലം മുമ്പ് നടന്ന ആദ്യ കൊച്ചി ബിനാലെയിൽ നൂറുവർഷത്തിലെ മലയാളം ആനുകാലികങ്ങളുടെ ദൃശ്യവത്കരണമായി അവതരിപ്പിച്ച 'വരവഴി' എന്ന ഗ്രൂപ്പ് പ്രൊജക്റ്റിൽ സജുവും ഭാഗഭാക്കായിരുന്നു. അക്കാലത്താണ് തന്റെ തന്റെ കലാപ്രവർത്തനത്തിന്റെ ദിശയും രീതിയും അമ്പേ മാറിയത്. അതുവരെ അധികവും നഗരജീവിതം പ്രമേയമായ പെയിന്റിംഗുകളാണ് ചെയ്തത്. ചിത്രകലയ്ക്ക് പുറമെ മ്യൂസിയോളജിയും പഠിച്ചത് കലാ ജീവിതത്തെ പാത പാടെ പുതുക്കിയെന്ന് ആർട്ടിസ്റ്റ് നിരീക്ഷിക്കുന്നു. തൃശൂർ ഫൈൻ ആർട്ട്സ് കോളേജിൽ നിന്ന് ബിരുദം. മുംബൈ ജെ ജെ സ്കൂൾ ഓഫ് ആർട്ട്സിൽ നിന്ന് ബിരുദാനന്തര ബിരുദം. മുംബൈ യൂണിവേഴ്സിറ്റിയിൽ നിന്ന് മ്യൂസിയോളജിയും പഠിച്ച സജുവിന്റെ സൃഷ്ടികൾക്ക് മുംബൈ തർക്ക് ആർട്ട് ഗ്യാലറിയുടെ പിന്തുണയുണ്ട്.

## ഇൻഫോപാർക്ക് കലാമേള

# കീ വാല്യു സോഫ്റ്റുവെയർ സിസ്റ്റംസ് ചാംപ്യൻമാർ



**കൊച്ചി:** ടെക്കികളിലെ കലാകാരന്മാർക്കായി ഇൻഫോപാർക്കിൽ പ്രൊഗ്രസീവ് ടെക്കീസ് സംഘടിപ്പിച്ച ഐ.ടി ജീവനക്കാരുടെ പ്രഥമ കലോത്സവം തരംഗ് 2സ23യിലെ വിജയികൾക്ക് സമ്മാനദാനം നടത്തി. ടെക്കി കലാമേളയിൽ പതിനായിരത്തിലധികം പ്രതിഭകളാണ് മാറ്റുരച്ചത്. ഫെബ്രുവരി 15 മുതൽ മാർച്ച് 2 വരെ നീണ്ടുനിന്ന പരിപാടിയിൽ ആവേശപൂർവ്വമാണ് കേരളത്തിലുടനീളമുള്ള ഐ.ടി ജീവനക്കാർ പങ്കാളികളായത്. കീ വാല്യു സോഫ്റ്റുവെയർ സിസ്റ്റംസ് കലാമേളയിൽ ചാംപ്യൻമാരായി. ഗാഡ്ജിയോൺ സ്മാർട്ട് സിസ്റ്റംസ് രണ്ടാം സ്ഥാനവും ഫെയർകോഡ് ടെക്നോളജീസ് മൂന്നാം സ്ഥാനവും നേടി. അഭിരാമി രാജീവ് (ഐ.ബി.എം) ആണ് കലാതിലകം. കലാപ്രതിഭയായി ഗൗതം വിശ്വനാഥൻ (നെസ്റ്റ് ഡിജിറ്റൽ) തെരഞ്ഞെടുക്കപ്പെട്ടു. എബ്രഹാം ഷിഫിൻ (ടി.സി.എസ്) വോയ്സ് ഓഫ് തരംഗായും മികച്ച നർത്തകിയായി പൂജ .ടി (കീ വാല്യു സോഫ്റ്റുവെയർ സിസ്റ്റംസ്), മികച്ച നടനായി നിർമൽ കെ.എ (ഇഗ്നിറ്റേറിയം ടെക്നോളജി സൊല്യൂഷൻസ്), സ്പിരിറ്റ് ഓഫ് തരംഗായി റഈസ (ഇഗ്നിറ്റേറിയം ടെക്നോളജി സൊല്യൂഷൻസ്) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഇൻഫോപാർക്കിലെ അതുല്യ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സംഗീത സംവിധായകനും ഗായകനുമായ ബിജിപാൽ, സംവിധായകൻ മിഥുൻ മാനുവൽ തോമസ്, ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ, ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട), കേരളാ ഐ.ടി പാർക്ക്സ് സി.എം.ഒ മഞ്ജിത്ത് ചെറിയാൻ എന്നിവർ ചേർന്ന് വിജയികൾക്ക് സമ്മാനദാനം നടത്തി. ബ്രഹ്മപുരം തീപിടിത്തം അണയ്ക്കുവാൻ നേതൃത്വം നൽകിയ അഗ്നിരക്ഷാസേന ഉദ്യോഗസ്ഥരെ ചടങ്ങിൽ ആദരിച്ചു. തൃക്കാക്കര ഫയർ സ്റ്റേഷൻ ഓഫീസർ സതീശന്റെ നേതൃത്വത്തിൽ അഗ്നിരക്ഷാ ഉദ്യോഗസ്ഥർ ആദരമേറ്റുവാങ്ങി. പ്രോഗ്രസീവ് ടെക്കീസ് സംസ്ഥാന പ്രസിഡന്റ് അനീഷ് പന്തലായനി ചടങ്ങിൽ അധ്യക്ഷനായി. പ്രോഗ്രസീവ് ടെക്കീസ് സെക്രട്ടറി ഷിയാസ് സ്വാഗതവും രാധിക നന്ദിയും പറഞ്ഞു.

# നോക്കിയ സി12 പ്രോ അവതരിപ്പിച്ചു




**കൊച്ചി:**നോക്കിയ സി12 പരമ്പര കൂടുതൽ ആകർഷകമാക്കിക്കൊണ്ട് എച്ച്എംഡി ഗ്ലോബൽ നോക്കിയ സി12 പ്രോ അവതരിപ്പിച്ചു. ഒക്ട കോർ പ്രോസസർ, 2ജിബി വെർച്വൽ റാം, സ്ട്രീംലൈൻഡ് ഒഎസ്, നൈറ്റ്, പോർട്രെയിറ്റ് മോഡുകളുമായി മുൻ, പിൻ ക്യാമറകൾക്ക് മെച്ചപ്പെടുത്തിയ ഇമേജിങ് തുടങ്ങിയ സവിശേഷതകളുമായാണ് സി12 പ്രോ എത്തുന്നതെന്ന് എച്ച്എംഡി ഗ്ലോബൽ ഇന്ത്യഎംഇഎൻഎ വൈസ് പ്രസിഡന്റ് സൻമീത് സിങ് കൊച്ചാർ പറഞ്ഞു.8എംപി റിയർ, 5എംപി ഫ്രണ്ട് ക്യാമറകൾ, ആകർഷകമായ 6.3 എച്ച്ഡി പ്ലസ് ഡിസ്പ്ലേ എന്നിവയും ഇതിലുണ്ട്. ആൻഡ്രോയ്ഡ് 12 ഗോ എഡിഷനുമായി ശരാശരി 20 ശതമാനം അധിക സ്റ്റോറേജും ഇത് ലഭ്യമാക്കും. 2ജിബി അധിക വെർച്വൽ റാം, ബാക്ക്ഗ്രൗണ്ടിൽ പ്രവർത്തിക്കുന്ന ആപ്പുകൾ ക്ലീൻ ചെയ്യുന്ന പെർഫോമൻസ് ഒപ്റ്റിമൈസർ തുടങ്ങിയവയും മറ്റ് സവിശേഷതകളാണ്.നോക്കിയ സ12 പ്രോ റീട്ടെയിൽ സ്റ്റോറുകളിലും പ്രമുഖ ഇകൊമേഴ്സ് വെബ്സൈറ്റുകളിലും നോക്കിയ വെബ്സൈറ്റിലും ലൈറ്റ് മിന്റ്, ചാർക്കോൾ,  ഡാർക്ക് സിയാൻ നിറങ്ങളിൽ ലഭ്യമാണ്. 4/64 ജിബി (2ജിബി റാം + 2 ജിബി വെർച്വൽ റാം) എന്നിവയോടെ എത്തുന്ന നോക്കിയ സി12 പ്രോ 6999 രൂപയ്ക്കും, 5/64 ജിബി (3ജിബി റാം + 2 ജിബി വെർച്വൽ റാം) എന്നിവയോടെ എത്തുന്ന വേരിയന്റ് 7499 രൂപയ്ക്കും ലഭിക്കും. സി12 പ്രോയുടെ നീണ്ടു നിൽക്കുന്ന ബാറ്ററി ലൈഫ്, ശക്തമായ പ്രോസസർ, ആകർഷക ഡിസ്പ്ലേ തുടങ്ങിയവ ഉപഭോക്താക്കൾക്ക് അവരുടെ പ്രതീക്ഷകൾക്കും അപ്പുറത്തുള്ള സന്തോഷം നൽകുമെന്ന് സൻമീത് സിങ് കൊച്ചാർ പറഞ്ഞു.

# വാഫിളുകളുമായി തിരുവനന്തപുരം ഹയാത്ത് റീജൻസി



തിരുവനന്തപുരം: അന്താരാഷ്ട്ര വാഫിൾസ് ദിനാഘോഷങ്ങളുടെ ഭാഗമായി മാർച്ച് 25 വരെ നീു നിൽക്കുന്ന ആഘോഷങ്ങളുമായി തിരുവനന്തപുരം ഹയാത്ത് റീജൻസി. രുചികരവും ക്രിസ്പിയുമായ വാഫിൾസ് ആസ്വദിക്കാൻ 'ഓൾ തിങ്ങ്സ് ബേക്ഡ്' പോപ്പ് അപ്പ് സ്റ്റേഷനിൽ വൈകിട്ട് 3 മണി മുതൽ 6 മണി വരെയാണ് അവസരം ഒരുക്കിയിരിക്കുന്നത്. 280 രൂപ മുതലാണ് വാഫിൾസിന്റെ വില ആരംഭിക്കുന്നതെന്ന് അധികൃതർ പറഞ്ഞു.

# കേരളത്തിൽ ജിയോ ട്രൂ 5ജി 21 നഗരങ്ങളിൽ




**കൊച്ചി:** ജിയോ ട്രൂ 5ജി സേവനം കേരളത്തിൽ ഇതുവരെ 21 നഗരങ്ങളിലേക്ക് വ്യാപിച്ചതായി ജിയോ അധികൃതർ വ്യക്തമാക്കി.തളിപ്പറമ്പ്,നെടുമങ്ങാട്, കാഞ്ഞങ്ങാട്, തിരുവല്ല, തലശ്ശേരി, കൊടുങ്ങല്ലൂർ, ആറ്റിങ്ങൽ, മുവാറ്റുപുഴ, ചങ്ങനാശേരി, ആലപ്പുഴ, പാലക്കാട്, കോട്ടയം, കൊല്ലം, ചേർത്തല, മലപ്പുറം, കണ്ണൂർ, തൃശൂർ, ഗുരുവായൂർ, കോഴിക്കോട്, തിരുവനന്തപുരം, കൊച്ചി എന്നി നഗരങ്ങളിൽ ജിയോ ട്രൂ 5ജി  ലഭ്യമാണ്. ഇന്ത്യയിൽ ഇതിനോടകം 406 നഗരങ്ങളിൽ ജിയോയുടെ 5ജി സേവനങ്ങൾ ലഭ്യമായി കഴിഞ്ഞുവെന്നും ജിയോ വക്താവ് അറിയിച്ചു.രാജ്യത്തുടനീളമുള്ള  ദശലക്ഷക്കണക്കിന് ഉപയോക്താക്കൾ ജിയോ ട്രൂ 5ജി അതിവേഗം ഏറ്റെടുക്കുന്നത് സാക്ഷ്യം വഹിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ട്. ജിയോയുടെ 5ജി സേവനം അതിവേഗം വ്യാപിക്കുകയാണ്. രാജ്യത്ത് ഭൂരിഭാഗം സ്ഥലങ്ങളിലും 5ജി എത്തിക്കാൻ പറ്റുമെന്ന് തങ്ങൾക്ക്  അഭിമാനകരമായ കാര്യമാണ്. 2023ൽ ഓരോ ഇന്ത്യക്കാരനും ജിയോ ട്രൂ 5ജി സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ ആസ്വദിക്കണമെന്ന് തങ്ങൾ ആഗ്രഹിക്കുന്നുവെന്നും ജിയോ വക്താവ് അറിയിച്ചു.5ജി സേവനങ്ങൾ ലഭിക്കാൻ ഉപഭോക്താക്കൾ അവരുടെ സിം കാർഡുകൾ മാറ്റേണ്ടതില്ല. 5ജി പിന്തുണയ്ക്കുന്ന ഫോണിൽ പോസ്റ്റ്പെയ്ഡ് കണക്ഷനോ അടിസ്ഥാന പ്രീപെയ്ഡ് റീച്ചാർജായ 239 രൂപയോ അതിനു മുകളിലുള്ള റീച്ചാർജോ ഉണ്ടായിരിക്കണം. കൂടാതെ ഉപഭോക്താവ് 5ജി കവറേജുള്ള സ്ഥലത്താണ്  കൂടുതൽ  സമയമെങ്കിൽ ജിയോ വെൽകം  ഓഫർ ലഭിക്കാനുള്ള അർഹതയുണ്ടായിരിക്കുമെന്നും ജിയോ വക്താവ് അറിയിച്ചു.

# വെട്രിമാരൻ ചിത്രം 'വിടുതലൈ' 31 ന് തീയ്യറ്ററുകളിൽ




**കൊച്ചി:** ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന വെട്രിമാരന്റെ കരിയറിലെ മെഗാ ബഡ്ജറ്റഡ് ചിത്രം 'വിടുതലൈ പാർട്ട് 1'ന്റെ റിലീസ് തീയതി പ്രഖ്യാപിച്ചു. മാർച്ച് 31നാണ് ചിത്രം ലോകമെമ്പാടുമുള്ള തിയേറ്ററുകളിലെത്തുക. ജയമോഹൻ രചിച്ച 'തുണൈവൻ' എന്ന നോവലിനെ ആസ്പദമാക്കി ഒരുങ്ങുന്ന സിനിമ തമിഴ്, മലയാളം, കന്നഡ, തെലുങ്ക് ഭാഷകളിലാണ് റിലീസ് ചെയ്യുക.കേരളത്തിൽ ബ്ലോക്ക് ബസ്റ്റർ ചിത്രങ്ങളായ ആർ,ആർ,ആർ , വിക്രം എന്നിവ റിലീസ് ചെയ്ത എച്ച്.ആർ. പിക്ചേഴ്സ് ആണ് വിതരണം ചെയ്യുന്നത്.കേരളത്തിൽ ഇരുന്നൂറോളം തിയേറ്ററുകളിലാണ് വിടുതലൈ പാർട്ട് 1 റിലീസ് ചെയ്യുന്നത്.'അസുരന്' ശേഷം വെട്രിമാരൻ സംവിധാനം ചെയ്യുന്ന ചിത്രം പ്രേക്ഷകർക്ക് തിയേറ്റർ എക്സ്പീരിയൻസ് നൽകുമെന്നുറപ്പാണ്.ദക്ഷിണേന്ത്യയിലെ പ്രമുഖ നിർമ്മാതാവ് എൽറെഡ് കുമാറിന്റെ പ്രൊഡക്ഷൻ കമ്പനിയായ ആർ എസ് ഇൻഫോടെയ്ൻമെന്റാണ് ചിത്രം നിർമ്മിക്കുന്നത്. വിജയ് സേതുപതി അധ്യാപകനായും സൂരി പൊലീസ് ഉദ്യോഗസ്ഥനായും എത്തുന്ന 'വിടുതലൈ' രണ്ട് ഭാഗങ്ങളായാണ് ചിത്രം റിലീസാകുന്നത്. ഇളയരാജയാണ് സംഗീതം നിർവഹിച്ചിരിക്കുന്നത്. വെട്രിമാരന്റെ മുൻ സിനിമകൾക്ക് സ്ഥിരമായി ക്യാമറ കൈകാര്യം ചെയ്ത വേൽരാജ് ഛായാഗ്രഹണം നിർവഹിക്കുന്നു. എഡിറ്റർആർ രാമർ, ആക്ഷൻപീറ്റർ ഹെയ്ൻ, കലാസംവിധാനംജാക്കി, പി ആർ ഓ : പ്രതീഷ് ശേഖർ.

# സൂക്ഷ്മ,ചെറുകിട,ഇടത്തരം വ്യാപാരികൾക്ക് സൗജന്യ കോസ്റ്റ് അക്കൗണ്ടിംഗ് സേവനം നൽകും: മന്ത്രി പി രാജീവ്



**കൊച്ചി:** സംസ്ഥാനത്തെ സൂക്ഷ്മ,ചെറുകിട,ഇടത്തരം(എംഎസ്എംഇ) വ്യാപാര സ്ഥാപനങ്ങൾക്ക് സൗജന്യമായി കോസ്റ്റ് അക്കൗണ്ടിംഗ് സേവനം ലഭ്യമാക്കുമെന്ന് വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓൺട്രപ്രണർഷിപ്പ് ഡവലപ്മെന്റ്(കെ ഐ ഇ ഡി) ആരംഭിച്ച സംസ്ഥാനത്തെ ആദ്യ സംരംഭക വികസന കേന്ദ്രം അങ്കമാലിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടൻറ്സ് ഓഫ് ഇന്ത്യ എന്ന സ്ഥാപനവുമായി ചേർന്നു കൊണ്ടായിരിക്കും സംസ്ഥാന വാണിജ്യ വ്യവസായ ഡയറക്ടറേറ്റ് ഈ പദ്ധതി നടപ്പാക്കുക. 2023 –24 സാമ്പത്തിക വർഷം മുതൽ ഇത് നടപ്പിൽ വരുത്താനാണ് തീരുമാനം.സംസ്ഥാനത്തെ മുന്നൂറോളം ചെറുകിട സൂക്ഷ്മ ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി ഗുണകരമാകും. ഇത്തരം സംരംഭങ്ങൾ പൂട്ടിപ്പോകുന്നതിന്റെ ദേശീയ ശരാശരി 30 ശതമാനമാണ്. കേരളത്തിൽ ഇതിലും കുറവാണ്.എം എസ് എം ഇകളുടെ വികസനത്തിനും സാമ്പത്തിക നൂതനത്വത്തിനുമുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഒൺട്രപ്രണർഷിപ്പ് ഡവലപ്മന്റ്(കെഐഇഡി) യുടെ എംഎസ്എംഇ ഇൻകുബേഷൻ പരിപാടിയും മന്ത്രി പ്രഖ്യാപിച്ചു. 35 ലക്ഷം മുതൽ 50 കോടി വരെ വാർഷിക വരുമാനമുള്ള എംഎസ്എംഇകളെയാണ് ഇതിനായി പരിഗണിക്കുന്നത്. ഉൽപാദന മേഖലയിലോ പ്രത്യേക സേവനങ്ങൾ നൽകുന്ന മേഖലയിലോ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ംംം.ലറരസല്യമഹമ.ീൃഴ എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്.ഗവേഷണങ്ങൾ ഉൽപ്പന്നങ്ങളായി മാറാനുള്ള സാധ്യത വർദ്ധിപ്പിക്കണമെന്ന് മന്ത്രി പറഞ്ഞു. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകൾ ഐടി അധിഷ്ഠിത വ്യവസായങ്ങൾക്കാണ് ഊന്നൽ നൽകിയത് വരും വർഷങ്ങൾ ബയോടെക്നോളജിയുടെ കാലമാണെന്നും മന്ത്രി പറഞ്ഞു.വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിൻറെ ഭാഗമായി സർവകലാശാലകൾ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയോട് ചേർന്ന് വ്യവസായ പാർക്കുകൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. ഇത്തരം സഹകരണത്തിലൂടെ ഗവേഷണ ഫലങ്ങളെ വിജയകരമായ വാണിജ്യ ഉൽപ്പന്നങ്ങൾ ആക്കി മാറ്റാൻ സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സംസ്ഥാനത്തിന്റെ നിക്ഷേപ ശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ തുടരുമെന്ന് പറഞ്ഞ മന്ത്രി രാജ്യത്തെ ഏറ്റവും നിക്ഷേപ സാധ്യതയുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ പത്താം സ്ഥാനത്തിനുള്ളിലെത്താനാണ് സംസ്ഥാനത്തിൻറെ ശ്രമമെന്നും പറഞ്ഞു. 28ാം സ്ഥാനത്തു നിന്നും കേരളം ഒരു വർഷത്തിനുള്ളിൽ പതിനഞ്ചിലേക്ക് എത്തി എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.സംസ്ഥാനത്തിന്റെ വ്യവസായങ്ങളിൽ ഉൽപാദന മേഖലയുടെ സംഭാവന 18.9 ശതമാനമാണിത്. കേരളത്തിൻറെ മൊത്ത വരുമാനത്തിന്റെ 17.3% ശതമാനം വരുമിത്. നടപ്പ് സാമ്പത്തിക വർഷത്തിൽ ഒന്നരലക്ഷം സംരംഭങ്ങൾ എന്നതാണ് സംസ്ഥാനത്തിൻറെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.കൊവിഡാനന്തര കാലത്തിൽ വ്യവസായമേഖലയ്ക്ക് പുത്തനുണർവ് വന്നിട്ടുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന വാണിജ്യ വ്യവസായ ഡയറക്ടറേറ്റ് ജനറൽ മാനേജർ പി എ നജീബ് പറഞ്ഞു. കെഐഇഡി സി ഇ ഒ ശരത് വി രാജ് സ്വാഗതവും കെഐഇഡി ഡെ. മാനേജർ പി ജെ ജോസഫ് നന്ദിയും പറഞ്ഞു. നൈപുണ്യവികസനം, സഹകരണം, പ്രാദേശിക വ്യവസായ ആവാസ വ്യവസ്ഥ വളർത്തിയെടുക്കൽ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വട്ടമേശ സമ്മേളനവും നടന്നു.നവീനമായ ആശയങ്ങളിൽ ഹ്രസ്വചെറുകിട സംരംഭങ്ങൾ തുടങ്ങുന്നവർക്കും നിലവിൽ നടത്തുന്നവർക്കും പ്രായോഗിക പരിഹാരങ്ങളും സഹായങ്ങളും ലഭ്യമാക്കാൻ ആവിഷ്കരിച്ചിട്ടുള്ള നൂതനമായ പദ്ധതിയാണ് സംരംഭ വികസന കേന്ദ്രം. ഹ്രസ്വചെറുകിട സംരംഭക മേഖലയിലെ നൈപുണ്യം, സാങ്കേതികവിദ്യ ഗവേഷണം, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള ബന്ധം, വിദഗ്ധരുടെ സേവനം മുതലായ ഘടകങ്ങളെ ഒരു കുടക്കീഴിൽ സംരംഭകർക്കായി ലഭ്യമാകുക എന്ന ഉദ്ദേശത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്.വിവിധ കേന്ദ്ര സംസ്ഥാന ഗവേഷണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ, ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനം നടന്നു. സംരംഭകത്വ മേഖലയിലെ വിദഗ്ദ്ധരുമായി സംവദിക്കാനുള്ള സെഷനുകൾ, വിജയിച്ച സംരംഭകരുടെ പ്രഭാഷണം, എന്നിവയുമുണ്ടായിരുന്നു.

## ഏറ്റവും വലിയ ജലമാലിന്യം പ്ലാസ്റ്റിക് ; പ്രഭാഷണം ഇന്ന്



**കൊച്ചി:** ജല, പാർപ്പിട, പരിസ്ഥിതി ദിനങ്ങളിൽ വർഷം തോറും മൂന്നു തവണ പ്രമുഖ ബിൽഡറായ അസറ്റ് ഹോംസ് നടത്തി വരുന്ന 24ാമത് ബിയോ് ദി സ്ക്വയർ ഫീറ്റ് പ്രഭാഷണ പരമ്പരയിലെ ജലദിനപ്രഭാഷണം ഇന്നു വൈകീട്ട് ആറിന് കൊച്ചി മറൈൻ ഡ്രൈവിലെ ടാജ് ഗേറ്റ്വേയിൽ നടക്കും. ഏറ്റവും വലിയ ജലമാലിന്യം പ്ലാസ്റ്റിക് എന്ന വിഷയത്തിൽ ബിപിഒ എൻജിനീയറിംഗ് എംഡിയും എൻവയോൺമെന്റൽ എൻജിനീയറുമായ ബ്രെറ്റ് ബെർണാഡ് പ്രഭാഷണം നടത്തും. യുഎസിലെ ടെംപ്ൾ യൂണിവേഴ്സിറ്റിയിൽ നിന്ന് എംഎസ് ബിരുദമെടുത്ത ബെർണാഡ് എൽഎൻജി, പെട്രോകെമിക്കൽസ് വ്യവസായ മേഖലകളിൽ കാൽനൂറ്റാിലേറെ അനുഭവസമ്പത്തുള്ളയാളാണ്. കേന്ദ്രസർക്കാരിന്റെ വിവിധ ഏജൻസികൾക്കു വേി ഇൻവെസ്റ്റ് ഇന്ത്യ, വേസ്റ്റ് റ്റു വെൽത്ത് തുടങ്ങിയ പദ്ധതികളിൽ മാർഗനിർദേശം നൽകുന്നയാളുമാണ് അദ്ദേഹം.

# സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി മടങ്ങി



**കൊച്ചി:** ആറു ദിവസത്തെ കേരള, തമിഴ്നാട്, ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷം രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലേക്ക് മടങ്ങി. ലക്ഷദ്വീപിൽ നിന്ന് ഇന്നലെ ഉച്ച യ്ക്ക് 12.30 ന് എത്തിയ രാഷ്ട്രപതിയെ വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ നെടുമ്പാശേരിയിലെ കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ്, സർജൻ റിയർ അഡ്മിറൽ ദിനേശ് ശർമ ,കൊച്ചി സിറ്റി പോലീസ് കമ്മീഷണർ കെ.സേതുരാമൻ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, റൂറൽ എസ്.പി വിവേക് കുമാർ എന്നിവർ ചേർന്ന് യാത്രയാക്കി.കഴിഞ്ഞ 16നാണ് രാഷ്ട്രപതി കേരളത്തിൽ എത്തിയത്. തുടർന്ന് കൊച്ചി, തിരുവനന്തപുരം, കൊല്ലം, കന്യാകുമാരി, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ വിവിധ പരിപാടികളിൽ പങ്കെടുത്തു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
CERTIFIED ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663